بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 18

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ജൂലായ് 07/ഹി:ശം:1395 വഫാ 07/ഹി:ഖ: 1437 ശവ്വാൽ 01

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ജൂൺ 03ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു 8എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**അല്ലാഹു ഹുദല്ലിൽമുത്തഖീൻ എന്ന ആയത്തിൽ, അവന്റെ ഗ്രന്ഥത്തിലും റസൂലിലും ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ അവൻ കൂടുതൽ സന്മാർഗത്തിന്നർഹനാകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹു അവന്റെ കണ്ണു തുറക്കുന്നതാണ്. തന്റെ ഭാഷണങ്ങളും സംബോധനകളുംകൊണ്ട് ബഹുമാനിക്കുന്നതാണ്. വലിയ വലിയ അടയാളങ്ങൾ അവനെ കാണിക്കുന്നതാണ്. അങ്ങനെ തന്റെ ദൈവമുന്നെ് ഈ ലോകത്തുതന്നെ അവൻ കാണുകയും പൂർണ തൃപ്തിയടയുകയും ചെയ്യുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"**ഹുദല്ലിൽ മുത്തഖീൻ** എന്ന് അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം മനുഷ്യന് നല്കപ്പെട്ടിരിക്കുന്ന എല്ലാ ഓരോ തരത്തിലുള്ള നിഅ്മത്തുകൾ- ഉദാഹരണത്തിന് അവനു നല്കപ്പെട്ടിരിക്കുന്ന ജീവനും ആരോഗ്യവും അറിവും ശക്തിയും ധനം തുടങ്ങിയവ മുഖേനയുള്ള പരിശ്രമംകൊണ്ട് **മിമ്മാറസഖ്നാഹും യുൻഫിഖൂൻ** വരെ മാത്രമേ തന്റെ ആത്മാർഥത പ്രകടിപ്പിക്കാൻ സാധിക്കുകയുള്ളു. അതിനെക്കാളുപരി മാനുഷികമായ കഴിവുകൾ ശക്തി ഉൾക്കൊള്ളുന്നില്ല. പക്ഷേ, വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് അവർ **മിമ്മാ റസഖ്നാഹും യുൻഫിഖൂൻ** ന്റെ പരിധി വരെ തങ്ങളുടെ സത്യസന്ധത പ്രകടിപ്പിക്കുകയാണെങ്കിൽ **ഹുദല്ലിൽ മുത്തഖീൻ** എന്ന ആയത്തുകൊണ്ട് ഇത്തരം ആരാധനകളിലും പൂർണതവരെ അവനെ എത്തിക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. അവന് 'ഖുവ്വത്തെ ഈഥാർ' (സ്വന്തം താൽപര്യത്തെക്കാൾ മറ്റൊരാളുടെ താൽപര്യത്തിന് പ്രാധാന്യം നല്കൽ)പ്രദാനം[1] ചെയ്യപ്പെടും എന്നതാണ് പൂർണത. എന്തൊന്നാണോ അവന്റേതായിട്ടുള്ളത് അല്ലാഹുവിന്റേതാണെന്ന് അവൻ വിശാലഹൃദയത്തോടെ മനസ്സിലാക്കും. ഏതൊന്ന് കൊണ്ടാണോ അവൻ മനുഷ്യന് സേവനം ചെയ്തിരുന്നത് ആ വസ്തുക്കൾ അവന്റേതായിരുന്നുവെന്ന് ആർക്കും തോന്നാൻ അവസരം നല്കുകയില്ല. ഉദാഹരണത്തിന് ഉപകാരം ചെയ്യുന്നതിലൂടെ ചിലപ്പോൾ മനുഷ്യൻ തന്റെ ധനം മറ്റൊരാൾക്ക് നല്കിയെന്ന് ആരെയെങ്കിലും ബോധ്യപ്പെടുത്താറുണ്ട്. എന്നാൽ, ഇത് അപക്വമായ അവസ്ഥയാണ്. ആ വസ്തു തന്റെ വസ്തുവാണെന്ന് മനസ്സിലാക്കുമ്പോഴാണ് അങ്ങനെ തോന്നുന്നത്. അതുകൊണ്ട് ആയത്ത് **ഹുദല്ലിൽമുത്തഖീൻ** അനുസരിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നവർക്ക് ആ സ്ഥാനത്തുനിന്ന് അഭിവൃദ്ധി നല്കുന്നതാണ്. അപ്പോൾ അവൻ തന്റെ എല്ലാ വസ്തുക്കളേയും അല്ലാഹുവിന്റേതാണെന്ന് മനസ്സിലാക്കും. അന്യരെ ബോധ്യപ്പെടുത്തുക എന്ന രോഗവും അവന്റെ മനസിൽനിന്ന് പൊയ്പ്പോകുന്നതാണ്. മനുഷ്യകുലത്തിനോടു മാതാവിന്റെ വാത്സല്യപരമായ ഒരു സഹതാപം അവന്റെ മനസ്സിൽ ഉണ്ടാകുന്നതാണ്. എന്നല്ല, അതിനെക്കാളുപരി അവന്റേതായി മറ്റൊരു വസ്തുവും അവശേഷിക്കുകയില്ല. എല്ലാം അല്ലാഹുവിന്റേതായിത്തീരുന്നതാണ്. ഇതുണ്ടാകുന്നത് അവൻ സത്യഹൃദയത്തോടുകൂടി വിശുദ്ധ ഖുർആനിലും നബി(സ)തിരുമേനിയിലും വിശ്വസിക്കുമ്പോഴായിരിക്കും. ഇതുകൂടാതെ ഉണ്ടാകുകയില്ല. വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും പിന്തുടരാതെ കേവലം ശുഷ്കമായ തൗഹീദിനെ മോക്ഷത്തിനുള്ള നിമിത്തമായി സ്ഥാപിക്കുന്നവർ എത്രമാത്രം വഴിപിഴച്ചവരാണ്. എന്നല്ല ദൃശ്യങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നത് അത്തരമാളുകൾ അല്ലാഹുവിൽ സത്യമായി വിശ്വസിക്കുന്നവരല്ലെന്നാണ്. ദുൻയാവിന്റെ അത്യാർത്തിയിൽനിന്നും ആഗ്രഹങ്ങളിൽനിന്നും അവർ പരിശുദ്ധരാവുകയുമില്ല. എന്നിട്ടല്ലേ അവർ ഏതെങ്കിലും പൂർണതയിലേക്ക് അഭിവൃദ്ധിപ്പെടുന്നത്. മനുഷ്യന് സ്വയം തൗഹീദിന്റെ നിഅ്മത്ത് കരസ്ഥമാക്കാൻ കഴിയുമെന്ന കാര്യംതന്നെ തികച്ചും തെറ്റും അന്ധമായ ചിന്താഗതിയുമാണ്. എന്നല്ല തൗഹീദു കിട്ടുന്നതുതന്നെ അല്ലാഹുവിന്റെ ഗ്രന്ഥത്തിലൂടെയാണ്. സ്വന്തം നിലയിൽ എന്തൊന്നാണോ മനസ്സിലാക്കുന്നത് അത് ശിർക്കിൽനിന്ന് മുക്തമല്ല. ഇപ്രകാരംതന്നെ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നതിനെക്കുറിച്ചുള്ള മാനുഷികമായ പരിശ്രമം മനുഷ്യൻ തഖ്വാ അവലംബിച്ച് അവന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുക എന്ന പരിധിവരെയാണ്. ക്ഷമയോടുകൂടി അതിനെ പിൻപറ്റുക. അതിനെക്കാളുപരി മനുഷ്യനിൽ ശക്തിയില്ല. പക്ഷേ, അല്ലാഹു **ഹുദല്ലിൽമുത്തഖീൻ** എന്ന ആയത്തിൽ, അവന്റെ ഗ്രന്ഥത്തിലും റസൂലിലും ആരെങ്കിലും വിശ്വസിക്കുകയാണെങ്കിൽ അവൻ കൂടുതൽ സന്മാർഗത്തിന്നർഹനാകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അല്ലാഹു അവന്റെ കണ്ണു തുറക്കുന്നതാണ്. തന്റെ ഭാഷണങ്ങളും സംബോധനകളുംകൊണ്ട് ബഹുമാനിക്കുന്നതാണ്.[2] വലിയ വലിയ അടയാളങ്ങൾ അവനെ കാണിക്കുന്നതാണ്. അങ്ങനെ തന്റെ ദൈവമുണ്ടെന്ന് ഈ ലോകത്തുതന്നെ അവൻ കാണുകയും പൂർണ തൃപ്തിയടയുകയും ചെയ്യുന്നു. നീ എന്നിൽ പരിപൂർണമായും വിശ്വസിക്കുകയാണെങ്കിൽ ഞാൻ നിന്നിൽ ഇറങ്ങുന്നതാണെന്ന് അല്ലാഹുവിന്റെ ഗ്രന്ഥം പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഇമാം ജഅ്ഫർ സ്വാദിഖ്(റ)പറയുന്നു: ഞാൻ ഈ ആത്മാർഥതയോടും സ്നേഹത്തോടും ഉത്സാഹത്തോടുംകൂടി അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്തു. അങ്ങനെ അത് ഇൽഹാമിന്റെ വർണത്തിൽ എന്റെ നാവിലൂടെ പുറപ്പെടാൻ തുടങ്ങി.' പക്ഷേ, ഖേദമെന്ന് പറയട്ടെ, അല്ലാഹുവിന്റെ ഭാഷണമെന്താണെന്നും അല്ലാഹു ആരോടെങ്കിലും സംസാരിക്കുന്നുവെന്ന് ഏതവസ്ഥയിലാണ് പറയപ്പെടുന്നതെന്നും ജനങ്ങൾ മനസ്സിലാക്കുന്നില്ല. എന്നല്ല, അജ്ഞരായ അധികമാളുകളും 'ശയ്ത്വാനീ ഇൽഖായെ'യാണ് അല്ലാഹുവിന്റെ വചനമെന്ന് മനസ്സിലാക്കുന്നത്. അവർക്ക് ശയ്ത്വാനീയും റഹ്മാനീയുമായ ഇൽഹാം തമ്മിൽ വ്യത്യാസമില്ല. റഹ്മാനീ ഇൽഹാമിനും വഹ്യിക്കുമുള്ള ഒന്നാമത്തെ നിബന്ധന മനുഷ്യൻ കേവലം അല്ലാഹുവിന്റേതാകുകയും ശയ്ത്വാന്റെ ഒരംശവും അവനിലുണ്ടാകാതിരിക്കുകയും ചെയ്യുക എന്നതാണ്. കാരണം എവിടെയാണോ ശവമുള്ളത് അവിടെ തീർച്ചയായും നായ്ക്കളും കൂട്ടമായിട്ടുണ്ടാകും. അതുകൊണ്ടാണ് അല്ലാഹു **ഹൽ ഉനബ്ബിഉക്കും അലാ മൻ തനസ്സലുശ്ശയാത്വീനു തനസ്സലു അലാ കുല്ലി അഫ്ഫാക്കിൻ അഥീം** എന്ന് പറയുന്നത്. എന്നാൽ, ശയ്ത്വാന്റെ അംശമൊന്നുമില്ലാത്തവന്റേയും മോശമായ ജീവിതത്തിൽനിന്ന് മരിച്ചവനെപ്പോലെ അകന്നവന്റേയും സന്മാർഗിയും കൂറുള്ളവനുമായവന്റേയും അല്ലാഹുവിലേക്ക് വന്നവന്റേയുംമേൽ ശയ്ത്വാന് ആക്രമണം നടത്താൻ സാധ്യമല്ല. **ഇന്ന ഇബാദീ ലയ്സലക്കും അലയ്ഹിം സുൽത്വാൻ** എന്ന് അല്ലാഹു പറഞ്ഞതുപോലെ. ശയ്ത്വാന്റേതായിട്ടുള്ളവനിലേക്കും ശയ്ത്വാന്റെ ശീലമുൾക്കൊള്ളുന്നവനിലേക്കുമാണ് ശയ്ത്വാൻ ഓടുന്നത്. കാരണം അവൻ ശയ്ത്വാന്റെ ഇരയാണ്.

1. ഇതിനുകാരണം മാനുഷികമായ ബലഹീനതകൊണ്ട് മനുഷ്യപ്രകൃതിയിൽ ഒരു പിശുക്കുമുണ്ട് എന്നതാണ്. സ്വർണത്തിന്റെ ഒരു മലതന്നെ അവന്റെ പക്കലുണ്ടെങ്കിലും പിശുക്കിന്റെ ഒരു ഭാഗം അവന്റെ ഉള്ളിലുണ്ടാകുന്നു. തന്റെ എല്ലാ സ്വത്തും തന്റെ കൈയിൽനിന്ന് വിട്ടുപോകുന്നത് അവൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഹുദല്ലിൽ മുത്തഖീന്റെ ആയത്തു കാരണം വരദാനപരമായ ഒരു ശക്തി അവനോടൊപ്പം ചേരുന്നു. അപ്പോൾ എത്രമാത്രം വിശാല ഹൃദയനാകുമെന്നാൽ എല്ലാ പിശുക്കും സകല ദോഷാത്മാവും അകന്നുപോകുന്നു. അപ്പോൾ അല്ലാഹുവിന്റെ ഇഷ്ടം എല്ലാ സമ്പത്തുകളെക്കാളും പ്രിയപ്പെട്ടതായി തോന്നുന്നു. ഭൂമിയിൽ നശ്വരമായിട്ടുള്ള ഖജനാവുകൾ വാരിക്കൂട്ടണമെന്ന് അവൻ ആഗ്രഹിക്കുകയില്ല. എന്നല്ല ആകാശത്തിൽ തന്റെ സ്വത്തുക്കൾ വാരിക്കൂട്ടുന്നതായിരിക്കും.

2. യഥാർഥത്തിൽ പൂർണമായ അനുധാവനമെന്നത് അതേ വർണം പതിയുകയും അതേ പ്രകാശം ഹൃദയത്തിൽ വരികയും ചെയ്യുക എന്നതാണ്. ദഖൽത്തുന്നാർ ഹത്താ സ്വിർത്തു നാറൻ

**(ഹഖീഖത്തുൽ വഹ്യ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 140-142)**

## മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ- അത്ഫാലുൽ അഹ്മദിയ്യാ 2016 വാർഷിക ജൽസ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ അനുവാദത്തോടെ ഭാരത മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ 47-ാമതും അത്ഫാലുൽ അഹ്മദിയ്യായുടെ 37-ാമതും വാർഷിക ജൽസ 2016 ഒക്ടോബർ 15, 16, 17 എന്നീ ദിവസങ്ങളിൽ ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിക്കുകയാണ്. ഈ ഇജ്തിമാഇൽ പങ്കെടുക്കുമെന്ന് ഖുദ്ദാം-അത്ഫാൽ എല്ലാവരും ഇപ്പോൾത്തന്നെ ഉറച്ച തീരുമാനം എടുക്കുക. ഖായിദുമാർ ഈ ഇജ്തിമായിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. അതുപോലെതന്നെ ഈ ഇജ്തിമാഇൽ ഖുദ്ദാം-അത്ഫാലിനെ പങ്കെടുപ്പിക്കുന്നതിന് വേണ്ടി ഖായിദുമാർ ആത്മാർഥതയോടെ പ്രവർത്തിക്കുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ജൽസയിൽ പങ്കെടുത്ത് അതിന്റെ അനുഗ്രഹങ്ങൾ വാരിക്കൂട്ടാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

**- സ്വദ്ർ ഇജ്തിമാ കമ്മിറ്റി, 2016 വാർഷിക ജൽസ**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാം: ശാന്തിയുടേയും സമാധാനത്തിന്റേയും മതം

(കഴിഞ്ഞലക്കം തുടർച്ച....)

**സുമയ്യ അദ്നാൻ**

ഇസ്‌ലാം നമ്മളെ ഓർമ്മിപ്പിക്കുന്നു, "ഭൂമിയിൽ വിനയ ഭാവത്തോടും ശാന്തഗുണത്തോടുംകൂടെ നടക്കുകയും സഹജീവികളോട് അനുകമ്പയുള്ളവരായിരിക്കുകയും ചെയ്യുവിൻ. എന്നാൽ, ദൈവം നിങ്ങളെ സ്വീകരിക്കും. പുറമെ വിനയഭാവം കാട്ടുന്നവർ വളരെയുണ്ട്. പക്ഷേ, അകമേ അവർ ഇരതേടി നടക്കുന്ന ചെന്നായ്ക്കളത്രെ. കാഴ്ചയിൽ ശാന്തശീലരും ഒട്ടനവധി കാണാം. എങ്കിലും അവരുടെ പ്രകൃതം സർപ്പത്തിന്റേതത്രെ. നിങ്ങളുടെ നാവ് നിങ്ങളുടെ ഹൃദയത്തിന് അനുകൂലമായിരിക്കുന്നതുവരെ ദൈവമൊരിക്കലും നിങ്ങളെ സ്വീകരിക്കുകയില്ല. ഉയർന്നസ്ഥാനത്തുള്ളവർ തന്റെ വലുപ്പത്തെപ്പറ്റി അഹങ്കരിക്കാതിരിക്കുകയും, താഴ്ന്നവരെ നിന്ദാപൂർവം നോക്കാതെ അവരിൽ നന്മയും കരുണയും ചൊരിയുവിൻ. ധനവാന്മാരാണെങ്കിൽ ധനത്തിൽ ഗർവിക്കാതിരിക്കുകയും സാധുക്കളോട് അഹംഭാവത്തോടെ പെരുമാറാതെ അവരെ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യുവിൻ. നാശത്തിലേക്കുള്ള വഴികളിൽനിന്നെല്ലാം ഒഴിഞ്ഞുമാറുവിൻ. ദൈവത്തെ ഭയപ്പെടുകയും ധർമത്തെ ആചരിക്കുകയും ചെയ്യുവിൻ. സൃഷ്ടികളെ പൂജിക്കാതെ ഭൗമികമായുള്ള ബന്ധങ്ങളെയെല്ലാം അകറ്റി നിങ്ങൾ പൂർണമായും ദൈവഭക്തിയിൽ ലയിക്കുവിൻ. രാത്രി മുഴുവനും നിങ്ങൾ ധാർമ്മികാവസ്ഥയിൽ കഴിച്ചുകൂട്ടിയെന്നു ഓരോ പ്രഭാതവും നിങ്ങൾക്ക് സാക്ഷ്യം വഹിക്കട്ടെ. പകൽ മുഴുവനും ദൈവഭക്തിയിൽ കഴിച്ചുകൂട്ടിയെന്നു ഓരോ സായാഹ്നവും നിങ്ങൾക്കായി സാക്ഷിപറയട്ടെ."

ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശമാണ് സ്നേഹവും കാരുണ്യവും ലോകം മുഴുവൻ പരത്തുകയെന്നത്. ഈ സന്ദേശത്തെ മനസ്സിലേറ്റിക്കൊണ്ട് അഹ്മദികൾ ലോകത്തിന്റെ നാനാഭാഗത്തും സമാധാനത്തിന്റെ സന്ദേശമാണിന്ന് പരത്തുന്നത്. ഇന്ന് ഖിലാഫത്തിന്റെ തണലിൽ ലോകമെമ്പാടും സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശങ്ങൾ പ്രചരിപ്പിക്കപ്പെടുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാമികാധ്യാപനങ്ങളെ ആശ്രയിക്കുന്നു. ഒപ്പം പിന്തുടരുന്നു, പ്രതികാരത്തിന് തുനിയാതെ. തന്നെ പരിക്കേൽപ്പിച്ചവരോട് അദ്ദേഹമൊരിക്കലുംതന്നെ പ്രതികാരത്തിന് തുനിഞ്ഞില്ല, മറിച്ച് സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ദൂതനെന്ന നിലയിൽ അവരുടെ കഴിഞ്ഞകാല അതിക്രമങ്ങളൊക്കെയുംതന്നെ പൊറുത്തുകൊടുത്ത് അവർക്ക് സമാധാനവും സുരക്ഷയും ഉറപ്പ് നൽകി. ചരിത്രത്തിന്റെ രേഖപ്പെടുത്തിയ ഒരു ഭാഗമാണിത്.

ഇസ്‌ലാം എന്നാൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ചുകൊണ്ട് എല്ലാ ദോഷങ്ങളിൽനിന്നും തന്നെ കാത്തുസൂക്ഷിക്കുകയും മറ്റുള്ളവർക്കും സമാധാനത്തിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക എന്നതാണ്. യഥാർത്ഥമായ ഈമാനെ ജനമനസുകളിൽ സ്ഥാപിക്കുന്നതിനും ഇസ്‌ലാം മുഖേന ലോകത്ത് സ്വർഗസമാനമാക്കുന്ന ശാന്തിയും സമാധാനവും വ്യാപിക്കുവാനും വേണ്ടിയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചത്. അദ്ദേഹത്തെ വിശ്വസിച്ച് യഥാർത്ഥ ഈമാനനുസരിച്ച് ജീവിച്ചും ഇസ്‌ലാമിന്റെ ശരിയായ മാതൃകയായിക്കൊണ്ടു ഈ ദൗത്യത്തിൽ അദ്ദേഹത്തിന്റെ സഹായിയും തുണയുമാവുക എന്നതാണ് നമ്മുടെ ഉത്തരവാദിത്വം. ലോകത്തിനോട് ഈമാന്റെ യാഥാർത്ഥ്യം പറയുകയും ശാന്തിയും സമാധാനവും വ്യാപിപ്പിക്കുകയും ചെയ്യുന്നവരായിരിക്കുക. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ പ്രവർത്തനം മുഖേന ലോകത്തെല്ലായിടത്തും ഈ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സ്വാർത്ഥതാൽപര്യത്താൽ ഇസ്‌ലാമിന് ക്ഷതമേൽപ്പിക്കുന്ന തീവ്രവാദസംഘടനകളും മറ്റു ഗ്രൂപ്പുകളും ഇന്ന് സമാധാനം തകർത്തുകൊണ്ടിരിക്കുകയാണ്. ഇവയൊക്കെ പൊരുതിജയിച്ച് സമാധാന സന്ദേശം പരത്തുന്നതിന് നാം ഓരോരുത്തരും ബാധ്യസ്ഥരാണ്.

ഇസ്‌ലാമിക ഭരണപ്രദേശങ്ങളിൽ സമാധാനവും ജനങ്ങൾക്ക് ഭയരഹിതമായി ജീവിക്കാനുമുള്ള സൗകര്യവും ഉണ്ടാകേണ്ടതാണ്. എന്നാൽ, ഇന്ന് പാക്കിസ്താന്റെ സ്ഥിതി മറ്റൊന്നാണ്. എന്നും ഭീതിയുടെ നിഴലിൽ കഴിയാൻ വിധിക്കപ്പെട്ട പാവം ജനങ്ങൾ! പിറവിയെടുത്തനാൾ തൊട്ട് ഇന്നുവരെ സമാധാനമെന്തെന്നവരറിഞ്ഞിട്ടില്ല. സമാധാനത്തിന്റെ ഗേഹങ്ങളായ മസ്ജിദുകൾക്കുപോലും സുരക്ഷയില്ലാതെ..... ആ ഭീകരാവസ്ഥയിൽ ജുമുഅ നമസ്കാരത്തിനെത്തിയ എത്രയെത്ര നിരപരാധികൾക്കാണ് സ്വന്തം ജീവൻ നഷ്ടപ്പെട്ടത്. ആഗോളതീവ്രവാദത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെടുമ്പോൾ ഏറ്റവും കൂടുതലായി കേൾക്കപ്പെടുന്നത് ഇസ്‌ലാമിക തീവ്രവാദമെന്ന പദമാണ്. സമാധാനത്തിന്റെ ദൂതുമായി മാനവസമൂഹത്തിന് വേണ്ടി നബി(സ) തിരുമേനി കൊണ്ടുവന്ന വിശുദ്ധഗ്രന്ഥമുള്ള മുസ്‌ലിം സമുദായത്തെ തീവ്രവാദത്തിന്റെ വക്താക്കളായി മുദ്ര കുത്തുന്നു എന്നതാണ് ഏറെ ഖേദകരം. പവിത്രമായ ഇസ്‌ലാംമത സിദ്ധാന്തങ്ങളെ എഴുതിപിടിപ്പിച്ച നുണകൾകൊണ്ട് തെറ്റാണെന്ന് മുദ്രകുത്തിമറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്നവർ ഇസ്‌ലാമിനെപ്പറ്റിയും മുസ്‌ലിംഭരണകൂടത്തെപ്പറ്റിയും ആ കാലഘട്ടത്തിനെ തന്നെയും ഒളിയമ്പെയ്തുകൊണ്ടിരിക്കുന്നു.

ഹിജ്റത്തിന് ശേഷം വിജയശ്രീലാളിതനായി തിരുനബി(സ) മക്കയിലേക്ക് സകല അധികാരങ്ങളുമായി വന്നു. അന്ന് വേണമെങ്കിൽ ഭൗതികലോകത്തെ ഭരണകർത്താക്കൾ വിജയമാഘോഷിക്കുന്നതുപോലെ സ്വത്തുക്കൾ കൊള്ള ചെയ്തും സാധുജനങ്ങളെ വകവരുത്തിയുമൊക്കെ തന്നെ ഉപദ്രവിച്ചവരോട് അദ്ദേഹത്തിനു പകരം വീട്ടാമായിരുന്നു. എന്നാൽ, ആ ജനതയ്ക്ക് പൊതുമാപ്പ് നൽകുകയാണ് അദ്ദേഹം ചെയ്തത്.

മുസ്തഫാ കമാൽപാഷയേയും കൂലിവേലക്കാരനേയും തോളോടുതോൾ ചേർന്ന് പള്ളിയിൽ അണിനിരത്താൻ ഇസ്‌ലാമിനേ സാധിക്കുകയുള്ളൂ. ഹിന്ദുമതത്തിലും ആരാധനാക്രമത്തിലും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ബ്രാഹ്മണ-അബ്രാഹ്മണ വൈജാത്യവും കാണാം; ക്രിസ്ത്യാനികളിൽ വെളുത്തവരുടേയും കറുത്തവരുടേയും പള്ളികൾ തമ്മിലുള്ള തർക്കങ്ങളും. എന്നാൽ ഇസ്‌ലാം മനുഷ്യവർഗത്തിന് പൂർണമായ സമത്വമാണ് വകവെച്ചുകൊടുക്കുന്നത്. അത് സാർവ്വജനികമായ സാഹോദര്യം, സമാധാനം, സഹിഷ്ണുത ഇവയെ ഉപദേശിക്കുകയും മനുഷ്യസമുദായത്തോട് അനുകമ്പ കാണിക്കാനും സമസൃഷ്ടികൾക്ക് സേവനം ചെയ്യാനും പഠിപ്പിക്കുന്നു. അദ്ദേഹം തുടർന്ന് പറഞ്ഞു, "ഇസ്‌ലാം വളർന്നത് വാളാലല്ല, സൂഫിമാരുടെയും ദർവേശുമാരുടേയും ഉത്കൃഷ്ടമാതൃകയും പരിശുദ്ധമായ ചര്യകളും മുഖേന മാത്രമാണ്.

മുഴുവൻ മനുഷ്യവംശത്തിനും കാരുണ്യമായും അനുഗ്രഹവുമായികൊണ്ട് ആ സർവ്വശക്തനായ ദൈവം നമുക്ക് തന്നരുളിയ മഹാനായ പ്രവാചകൻ- ദൈവത്തിന്റെ ആ പ്രിയദാസൻ നീണ്ട, എണ്ണമറ്റ ദിവസങ്ങൾ ദുരിതം സഹിച്ച് അനുയായികളോടൊപ്പം കഴിച്ചുകൂട്ടി. ക്ഷമയുടേയും സഹനത്തിന്റേയും എല്ലാ അതിർവരമ്പുകളും ലംഘിച്ച് ശത്രുപീഢനം മദീനയിലും പിന്തുടർന്നപ്പോഴാണ് ആക്രമിക്കപ്പെട്ടവർക്ക് തിരിച്ച് പ്രതിരോധിക്കുവാൻ വിശുദ്ധഖുർആൻ അനുവാദം നൽകിയത്; അതും അക്രമം അവസാനിക്കുകയും മത സ്വാതന്ത്ര്യം ലഭിക്കുന്നതുവരെയും മാത്രം. മനുഷ്യരുടെ ആശകൾക്കും ആശങ്കകൾക്കും കൃത്യമായ പരിഹാരം നിർദ്ദേശിക്കുന്ന ദർശനമാണ് ഇസ്‌ലാം. ലോകത്ത് നടക്കുന്ന സകല അശാന്തിയുടേയും മൂല കാരണം ഇസ്‌ലാമാണെന്ന് വ്യാപകമായ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. കുതന്ത്രക്കാരുടെ കുപ്രചാരണങ്ങൾ അല്ലാഹു പരാജയപ്പെടുത്തട്ടെ.

സർ. സി.പി. രാമസ്വാമി അയ്യർ 1949 ഫിബ്രവരി 16ന് ഊട്ടിയിൽവെച്ച് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി. "ജാതി, നിറം എന്നിവയെ ചൊല്ലിയുള്ള എല്ലാ വിദ്വേഷങ്ങളേയും അനുയായികളിൽ നിഷേധിച്ചിട്ടുള്ള ഏറ്റവും പ്രജായത്തപരമായ മതം ഇസ്‌ലാം ആകുന്നു. വിശ്വവിശ്രുതനായ സർ. സി.പി. സിറെ 1929 ജൂൺ 2ന് കൊൽക്കത്ത ആൽബർട്ട് ഹാളിൽ സമ്മേളിച്ച ഒരു സായാഹ്നസമ്മേളനത്തിൽ അധ്യക്ഷം വഹിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാർഹവും ചിന്തോദ്ദീപകവുമത്രെ. സർവ്വമതങ്ങളിൽവെച്ച് ഏറ്റവും പ്രജായത്തമതം ഇസ്‌ലാംമതം തന്നെയാണ്. മനുഷ്യർക്ക് ധനവാന്റേയും ദരിദ്രന്റേയും വലിയവന്റേയും ചെറിയവന്റേയും ഇടയിൽ പൂർണസമത്വം വേണമെന്നുൽഘോഷിക്കുന്ന മറ്റൊരു മതം ഭൂമുഖത്തില്ല."

ഈ ലോകം ഒരു നാടകരംഗമാണെന്ന് വില്യം ഷേക്സ്പിയർ ഒരിക്കൽ പറയുകയുണ്ടായി. അങ്ങനെയെങ്കിൽ നാടകത്തിൽ ഒരാൾ രാജാവിന്റെ വേഷം ധരിക്കുന്നു. മറ്റൊരാൾ മന്ത്രിയുടേതും, മൂന്നാമതൊരാൾ വിദൂഷകന്റേയുമായിരിക്കും. അപ്രകാരംതന്നെ ഈ ലോകത്ത് ഏതൊരുവനും ചക്രവർത്തിയായാലും, തോട്ടിയായാലും തന്റെ പ്രവൃത്തിയെ കൃത്യമായും വിശ്വസ്തതയോടുകൂടി ചെയ്യുന്നതാരോ അവൻ മാത്രമേ ദൈവപ്രീതിക്ക് പാത്രീഭവിക്കുകയുള്ളൂ.

(തുടരും)


## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

**മാനേജർ ബദ്ർ വീക്കിലി ഫോൺ: 094170-20616**



**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**
രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.



C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**ഇൻശാ അല്ലാഹ് മൂന്നുനാലു ദിവസത്തിനുള്ളിൽ അനുഗൃഹീത റമളാൻ മാസം തുടങ്ങാൻ പോകുകയാണ്. ഈ ദിനങ്ങളിൽ പകൽ ദീർഘമാകുന്ന കാരണത്താൽ ഉഷ്ണ രാജ്യങ്ങളിൽ നോമ്പ് വളരെ കഠിനവുമായിരിക്കും. പക്ഷേ, എന്നിട്ടും ആരോഗ്യമുള്ള എല്ലാവരുടേയും പ്രായപൂർത്തിയായവരുടേയും മേൽ നോമ്പ് നിർബന്ധമാണ്. ചില അവസ്ഥകളിൽ നോമ്പെടുക്കുന്നതിൽ ഇളവും നല്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യങ്ങളും അതിനെക്കുറിച്ചുള്ള മസ്അലകളും അറിയേണ്ടത് അവർക്ക് നിർബന്ധമാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നീതിമാനായ വിധികർത്താവായി അയച്ചിരിക്കുന്നു. ആ മഹാത്മാവ് ഇസ്‌ലാമികാധ്യാപനത്തെ അടിസ്ഥാനമാക്കിക്കൊണ്ട്, എല്ലാ കാര്യങ്ങളെക്കുറിച്ചും വിധി പറയേണ്ടതുണ്ടായിരുന്നു. അതദ്ദേഹം നിർവ്വഹിച്ചു. അദ്ദേഹം എല്ലാ കാര്യങ്ങൾക്കും പരിഹാരം നിർദ്ദേശിക്കണമായിരുന്നു. നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാലത്ത് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അറിവിൽ വർധന ഉണ്ടാക്കുന്നതിനും ആ മഹാത്മാവിലേക്ക്(അ)നോക്കേണ്ട ആവശ്യമുണ്ട്. ഇക്കാലഘട്ടത്തിൽ ശരീഅത്ത്പരമായ കല്പനകളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കല്പന അല്ലെങ്കിൽ വീക്ഷണം തന്നെയാണ് ഈ പ്രശ്നങ്ങളുടെ കർമശാസ്ത്രപരമായ പരിഹാരം അല്ലെങ്കിൽ തീരുമാനം. ഖുർആന്റേയും ഹദീഥിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും ഉപദേശങ്ങളുടേയും വെളിച്ചത്തിൽ അനുഗൃഹീത റമളാന്റെ തുടക്കം, ഇടയത്താഴം നോമ്പുതുറ, യാത്രക്കാരന്റേയും രോഗിയുടേയും നോമ്പ്, ഫിദ്‌യ, നോമ്പു പിടിച്ചു തുടങ്ങേണ്ട പ്രായം, തഹജ്ജുദ് നമസ്കാരം, തറാവീഹ് തുടങ്ങിയവയെ കുറിച്ചുള്ള ചർച്ച**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ജൂൺ 3/1395 ഇഹ്സാൻ 03**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا لَا تَتَّبِعُوْا خُطُوٰتِ الشَّيْطٰنِ۔ وَمَنْ يَّتَّبِعْ خُطُوٰتِ الشَّيْطٰنِ فَاِنَّهٗ يَاْمُرُ بِالْفَحْشَآءِ

وَالْمُنْكَرِ۔ وَلَوْلَا فَضْلُ اللّٰهِ عَلَيْكُمْ وَرَحْمَتُهٗ مَا زَكٰى مِنْكُمْ مِّنْ اَحَدٍ اَبَدًا وَّلٰكِنَّ اللّٰهَ يُزَكِّيْ مَنْ

يَّشَآءُ۔ وَاللّٰهُ سَمِيْعٌ عَلِيْمٌ۔ (النور:22)

ഇൻശാ അല്ലാഹ് മൂന്നുനാലു ദിവസത്തിനുള്ളിൽ അനുഗൃഹീത റമളാൻ മാസം തുടങ്ങാൻ പോകുകയാണ്. ഈ ദിനങ്ങളിൽ പകൽ ദീർഘമാകുന്ന കാരണത്താൽ ഉഷ്ണ രാജ്യങ്ങളിൽ നോമ്പ് വളരെ കഠിനവുമായിരിക്കും. പക്ഷേ, എന്നിട്ടും ആരോഗ്യമുള്ള എല്ലാവരുടേയും പ്രായപൂർത്തിയായവരുടേയും മേൽ നോമ്പ് നിർബന്ധമാണ്. ചില അവസ്ഥകളിൽ നോമ്പെടുക്കുന്നതിൽ ഇളവും നല്കപ്പെട്ടിട്ടുണ്ട്. ആ ഉഷ്ണരാജ്യങ്ങളിലെ ചില തൊഴിലാളികൾക്ക് അത്തരം അവസ്ഥകളിൽ നോമ്പെടുക്കാതിരിക്കാൻ ചില നിബന്ധനകളുണ്ട്. ഇളവുകളുണ്ട്. ഇപ്രകാരംതന്നെ ചില രാജ്യങ്ങളിൽ 22, 23 മണിക്കൂർ ദൈർഘ്യമുള്ള പകലുകളാണ്. വെറും ഒന്നര രണ്ടു മണിക്കൂറാണ് രാത്രി. അതും രാത്രിയല്ല, വെളിച്ചമുണ്ടാകും. അല്ലെങ്കിൽ പ്രഭാതം പൊട്ടിവിടരുന്ന സമയംപോലെയായിരിക്കും. അതുകൊണ്ട് അവിടെത്തെ ജമാഅത്തുകളോടു പറയപ്പെട്ടിരിക്കുന്നത് സമയം കണക്കാക്കി അതനുസരിച്ച് അത്താഴത്തിന്റേയും നോമ്പ് തുറക്കുന്നതിന്റേയും സമയം നിശ്ചയിക്കാനാണ്. അവിടങ്ങളിൽ ഇന്ന് അധിക സ്ഥലങ്ങളിലും അയൽരാജ്യങ്ങളുടെ സമയങ്ങൾ കണക്കുകൂട്ടി ഏകദേശം 18,19 മണിക്കൂർ നോമ്പായിരിക്കും. ഈ രാജ്യങ്ങളിൽ ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ അത്താഴത്തിനും നോമ്പ് തുറക്കാനും ഒരു സമയവും ഉണ്ടായിരിക്കുകയില്ല. തഹജ്ജുദ് നമസ്കരിക്കാനും സാധിക്കുകയില്ല. ഇശായുടേയും സുബ്ഹിയുടേയും സമയങ്ങൾ നിർണയിക്കാനും കഴിയുകയില്ല. എന്തായാലും ഈ പ്രദേശങ്ങളിലെ ജമാഅത്തുകൾ ഇതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. എങ്ങനെയെങ്കിലും അവർ അഡ്ജസ്ററ് ചെയ്യേണ്ടതുണ്ട്.

നോമ്പ് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യങ്ങളിൽപ്പെട്ടതാണ്. അത് നിറവേറ്റേണ്ടത് നിർബന്ധമാണ്. നോമ്പിനെ സംബന്ധിച്ച് ചില ചെറിയ ചെറിയ ചോദ്യങ്ങളും ഉണ്ടാകാറുണ്ട്. ഇടയത്താഴത്തെ സംബന്ധിച്ച്, നോമ്പ് തുറക്കലിനെ സംബന്ധിച്ച്, രോഗത്തെ സംബന്ധിച്ച്, യാത്രക്കാരനെ സംബന്ധിച്ച് ഇതുപോലുള്ള വിവിധ ചോദ്യങ്ങളുണ്ട്. ജമാഅത്തിൽ അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ മുസ്‌ലീംകളുടെ വിവിധ കക്ഷികളിൽനിന്നും അന്യമതങ്ങളിൽനിന്നും ചേർന്നുകൊണ്ടിരിക്കുന്നു. മുസ്‌ലീംകളിലെ വിവിധ കക്ഷികളിലും ചില കല്പനകളെക്കുറിച്ച് വിവിധ കർമ ശാസ്ത്രപരമായ വീക്ഷണങ്ങളുണ്ട്. ആ വീക്ഷണങ്ങളോടുകൂടി അവർ ജമാഅത്തിൽ വരുമ്പോൾ ചില കാര്യങ്ങൾ അവരിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. ചില വിശദീകരണങ്ങൾ അവർ ആഗ്രഹിക്കുന്നു. ചില ചോദ്യങ്ങൾ ചോദിക്കുന്നു. ഇപ്രകാരം തന്നെ അന്യമതങ്ങളിൽനിന്ന് വരുന്ന ചിലർ ചിലകാര്യങ്ങളെക്കുറിച്ച് ഒരു വിവരവുമില്ലാത്തവരായിരിക്കും. എന്നല്ല അവർക്ക് അറിവ് ഉണ്ടാകുകയേയില്ല. അവർ പുതിയതായി പഠിക്കുകയായിരിക്കും ചെയ്യുന്നത്. അതുകൊണ്ട് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യങ്ങളും അതിനെക്കുറിച്ചുള്ള മസ്അലകളും അറിയേണ്ടത് അവർക്ക് നിർബന്ധമാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നീതിമാനായ വിധികർത്താവായി അയച്ചിരിക്കുന്നു. ആ മഹാത്മാവ് ഇസ്‌ലാമികാധ്യാപനത്തെ അടിസ്ഥാനമാക്കിക്കൊണ്ട്, എല്ലാ കാര്യങ്ങളെക്കുറിച്ചും വിധി പറയേണ്ടതുണ്ടായിരുന്നു. അതദ്ദേഹം നിർവ്വഹിച്ചു. അദ്ദേഹം എല്ലാ കാര്യങ്ങൾക്കും പരിഹാരം നിർദ്ദേശിക്കണമായിരുന്നു. നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാലത്ത് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അറിവിൽ വർധന ഉണ്ടാക്കുന്നതിനും ആ മഹാത്മാവിലേക്ക്(അ)നോക്കേണ്ട ആവശ്യമുണ്ട്.

ഈ നേരത്ത് നോമ്പിനെ ഉദ്ധരിച്ച് ചോദ്യമുണ്ടാകുന്നു എന്ന് ഞാൻ പറഞ്ഞതുപോലെ ചില ചോദ്യങ്ങൾക്കുള്ള മറുപടി അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അതിനെക്കുറിച്ചുണ്ടായിരുന്ന നിലപാടെന്തായിരുന്നു അല്ലെങ്കിൽ അവിടന്ന് എന്ത് കല്പനയാണ് നല്കിയിരുന്നത്, എന്തായിരുന്നു അവിടത്തെ ഫത്‌വ തുടങ്ങിയവയെക്കുറിച്ച് വിവരിക്കുന്നതാണ്.

ഇക്കാലഘട്ടത്തിൽ ശരീഅത്ത് പരമായ കല്പനകളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കല്പന അല്ലെങ്കിൽ വീക്ഷണം തന്നെയാണ് ഈ പ്രശ്നങ്ങളുടെ കർമശാസ്ത്രപരമായ പരിഹാരം അല്ലെങ്കിൽ തീരുമാനം.

ഇസ്‌ലാമിക കർമത്തിന്റെ അടിത്തറ തഖ്‌വ അഥവാ ഭക്തിയാണെന്നത് എപ്പോഴും ഓർമവെക്കേണ്ട ഒരു കാര്യമണ്. അതുകൊണ്ട് "തഖ്‌വയെ മുന്നിൽവച്ചുകൊണ്ട് നിങ്ങളുടെ നോമ്പ് അല്ലാഹുവിനുവേണ്ടി സത്യസന്ധതയോടുകൂടി നിറവേറ്റുക' എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശം മുന്നിൽവെക്കുക.(കശ്തിയെ നൂഹ് റൂഹാനീഖസായിൻ വാള്യം 19 പേജ് 15)

ചിലയാളുകൾ ഇങ്ങനെ ചോദിക്കാറുണ്ട്. ഉദാഹരണത്തിന് റമളാനെക്കുറിച്ച്, റമളാനും പെരുന്നാൾ തുടങ്ങിയവയും മറ്റു മുസ്‌ലീംകളിൽനിന്ന് വിഭിന്നമായ നേരത്ത് നമ്മളെന്തിനാണ് ആഘോഷിക്കുന്നതെന്നും തുടങ്ങുന്നതെന്നും വിവിധ തരക്കാരായ കുട്ടികളും ചോദിക്കുന്നു. ഒന്നാമതായി പറയാനുള്ളത്, നമ്മൾ റമളാൻ ആരംഭിക്കുന്ന ദിവസവും പെരുന്നാൾ ദിവസവും വേറിട്ട ദിസവമായിരിക്കണമെന്ന് നിർബന്ധമൊന്നുമില്ല. അങ്ങനെയൊരു നിയമവുമില്ല. മനഃപൂർവം നമ്മൾ അങ്ങനെ വിയോജിക്കാറുമില്ല. നമ്മുടേയും മറ്റു മുസ്‌ലീംകളുടേയും നോമ്പും പെരുന്നാളും ഒരൊറ്റ ദിവസം വന്ന വർഷങ്ങളും ഉണ്ടായിട്ടുണ്ട്. സർക്കാർ തലത്തിൽ റുഅ്‌യത്തെ ഹിലാൽ കമ്മിറ്റി നിലവിലുള്ള പാക്കിസ്ഥാനിലും മറ്റു ഇസ്‌ലാമിക രാജ്യങ്ങളിലും സാക്ഷ്യത്തോടുകൂടി ചന്ദ്രനെ കണ്ടിരിക്കുന്നുവെന്ന് അവർ വിളംബരം ചെയ്താൽ അഹ്മദീ മുസ്‌ലീംകളായ നമ്മളും അതനുസരിച്ച് നോമ്പ് പിടിക്കുകയും അതനുസരിച്ചുതന്നെ നമ്മുടെ നോമ്പ് അവസാനിക്കുകയും ചെയ്യുന്നു. പെരുന്നാൾ ആഘോഷിക്കുന്നതും അങ്ങനെ തന്നെയായിരിക്കും.

ഈ പാശ്ചാത്യൻ രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലും സർക്കാർ തലത്തിൽ ഹിലാൽ കമ്മിറ്റിയില്ല. അതിന്റെ വിളംബരം ഉണ്ടാകാറുമില്ല. അതുകൊണ്ട് നമ്മൾ ചന്ദ്രനെ കാണുമെന്ന വ്യക്തമായ സാധ്യത മുന്നിൽവച്ചുകൊണ്ട് നോമ്പ് ആരംഭിക്കുന്നു. പെരുന്നാളാഘോഷിക്കുകയും ചെയ്യുന്നു. ഇനി നമ്മുടെ കണക്കുകൂട്ടൽ തെറ്റാണെങ്കിൽ ചന്ദ്രൻ മുമ്പേ കണ്ടാൽ ബുദ്ധിദോഷമില്ലാത്ത പ്രായപൂർത്തിയായവരുടെ സാക്ഷ്യത്തോടുകൂടി, ചന്ദ്രനെ കണ്ടുവെന്നുള്ള മുഅ്മിനീംകളുടെ സാക്ഷ്യത്തോടുകൂടി മുമ്പേയും റമളാൻ ആരംഭിക്കാവുന്നതാണ്. ഒരു ചാർട്ട് ഉണ്ടാകുകയും അതനുസരിച്ച് റമളാൻ ആരംഭിക്കുകയും ചെയ്യണമെന്ന് നി

ർബന്ധമില്ല. പക്ഷേ, വ്യക്തമായും ചന്ദ്രനെ കാണേണ്ടതാണ്. അത് കാണൽ നിർബന്ധമാണ്. പക്ഷേ, നമ്മൾ തീർച്ചയായും അനഹ്മദികളുടെ വിളംബരംപിൻപറ്റി ചന്ദ്രനെ കാണാതെ നോമ്പ് ആരംഭിക്കണമെന്നും പെരുന്നാൾ കൊണ്ടാടണമെന്നും പറയുന്നത് തെറ്റാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം തന്റെ ഗ്രന്ഥമായ സുർമെ ചശ്മെ ആര്യയിലും വിവരിച്ചിട്ടുണ്ട്. കണക്കുപുസ്തകങ്ങളേയും അളവുകളേയും നിഷേധിച്ചിട്ടില്ല. ഇതും ഒരു ശാസ്ത്രീയമായ അറിവാണ്. പക്ഷേ, റുഅ്യത്തിന്റെ ശ്രേഷ്ഠത വിവരിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

“അല്ലാഹു ദീനിന്റെ കല്പനകൾ സുഗമമവും എളുപ്പവും ആക്കുക എന്നുദ്ദേശ്യത്തോടെ പൊതുജനങ്ങൾക്ക് വ്യക്തവും നേരെയുള്ളതുമായ വഴി പറഞ്ഞിരിക്കുന്നു. അന്യായമായ വിഷമങ്ങളിലും നൂലാമാലകളിലും ഇട്ടിട്ടില്ല. ഉദാഹരണത്തിന് നോമ്പെടുക്കുന്നതിന് വാനനിരീക്ഷണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചന്ദ്രൻ 29 നോ 30 നോ ഉണ്ടാകുമെന്ന് അറിയാത്തിടത്തോളം റുഅ്യത്തിനെ ഒരിക്കലും വിശ്വസിക്കരുത്.”(അതായത് വാനശാസ്ത്രത്തെ സംബന്ധിച്ച് അറിവുള്ള ശാസ്ത്രകാരന്മാർ അല്ലെങ്കിൽ നക്ഷത്രങ്ങളെ സംബന്ധിച്ച് അറിവുള്ളവർ അനുമാനത്തിന്റെ അടിസ്ഥനത്തിൽ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളനുസരിച്ച് പ്രവർത്തിച്ചേപറ്റൂവെന്ന് നിർബന്ധമില്ല. ചന്ദ്രൻ 29 ന് അല്ലെങ്കിൽ 30 ന് കാണുമെന്ന് അവരുടെ അനുമാനം പറയുന്നുവെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കാനും ചന്ദ്രനെ കാണാൻ ശ്രമിക്കേണ്ടെന്നും റുഅ്യത്തിനെ വിശ്വസിക്കരുതെന്നും പറയുന്നത് തെറ്റാണ്. അവിടന്ന് പറയുന്നു: ഇത് ഉണ്ടാകാത്തിടത്തോളം റുഅ്യത്തിനെ ഒരിക്കലും വിശ്വസിക്കരുത്).കണ്ണുകൾ അടച്ചുവെക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ അനാവശ്യമായി വാനശാസ്ത്രത്തിന്റെ അതിസൂക്ഷ്മമായ കർമങ്ങളെ സാധാരണക്കാരുടെ കഴുത്തിലെ മാലയാക്കുക എന്നത് അന്യായമായതും വിഷമകരവുമാണെന്നത് പ്രകടമാണ്.” (അകാരണമായി അക്കാര്യമനുസരിച്ച് പ്രവർത്തിക്കുക, അതായത് കണക്കുകൾ നമ്മളോടു പറയുന്നത് ഇതാണ്, അതുകൊണ്ട് അതിനുപുറമെ ഒന്നും ചെയ്യുകയില്ലെന്ന് പറയുന്നത് അനാവശ്യമായി ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തലാണ്). പറയുന്നു:"അത്തരം കണക്കുകൾ കൂട്ടുന്നതിൽ ഒരുപാട് തെറ്റുകൾ വന്നുകൊണ്ടിരിക്കുന്നുവെന്നതും പ്രകടമാണ്. അതുകൊണ്ട് ഇത് വലിയ നേരായ കാര്യമാണ്. വാനനിരീക്ഷണ ശാസ്ത്രത്തിന് ആശ്രിതരാകരുതെന്നത്, സാധാരണക്കാർക്ക് ചേർന്ന ഉചിതമായ അവസ്ഥയാണ്.(അതായത് കേവലം വാനനിരീക്ഷണ ശാസ്ത്രത്തിന്റെ ആശ്രിതരായിരിക്കരുത്). ചന്ദ്രൻ ഏതു ദിവസമാണ് ഉണ്ടാകുക എന്നറിയാൻ തങ്ങളുടെ റുഅ്യത്തിനെ അടിസ്ഥാനമാക്കുക. വൈജ്ഞാനികമായി മനസ്സിലാക്കിയിരിക്കേണ്ടത് 30 മറി കടന്ന് പോകാൻ പാടില്ല എന്നതാണ്.(ചന്ദ്രനെ കാണേണ്ടത് നിർബന്ധമാണ്. കാണാൻ ശ്രമിക്കുകയും എന്നാൽ, കാണാതിരിക്കുകയും ചെയ്യുകയാണെങ്കിൽ കണക്കുപുസ്തകങ്ങളേയും അവലംബമാക്കാവുന്നതാണ്. 30 ദിവസത്തിന് മേലെ പോകുന്നില്ലെന്ന കാര്യവും അവലംബിക്കാവുന്നതാണ്. പറഞ്ഞു:) യഥാർഥത്തിൽ ബുദ്ധിയുടെ പക്കൽ റുഅ്യത്തിന് ഗണിതശാസ്ത്രത്തിനുമേൽ ശ്രേഷ്ഠത ഉണ്ടെന്ന കാര്യവും ഓർമവെക്കേണ്ടതാണ്.(കണ്ണുകൊണ്ട് കാണുക എന്നതിന് കേവലം അനുമാന കണക്കുകളെക്കാൾ എന്തായാലും ശ്രേഷ്ഠതയുണ്ടെന്നാണ് ബുദ്ധിയും പറയുന്നത് ). അവസാനം യൂറോപ്യൻ വിദ്വാന്മാരും റുഅ്യത്തിനെ കൂടുതൽ അംഗീകാരയോഗ്യമായി മനസ്സിലാക്കി. ഈ സദ്വിചാരം കാരണത്താൽ ദൃശ്യശക്തിയുടെ സഹായത്താൽ പല രീതിയിലുള്ള ഉപകരണങ്ങളും ദൂരദർശിനികളും ഹ്രസ്വദർശിനികളും കണ്ടുപിടിച്ചു.”(സുർമ ചശ്മയെ ആര്യ റൂഹാനീ ഖസായിൻ വാല്യം 2 പേജ് 192–193) യൂറോപ്പിലെ വിദ്യാസമ്പന്നരും ബുദ്ധിമാന്മാരും ശാസ്ത്രജ്ഞന്മാരും കണ്ടു വിശ്വസിക്കുക എന്നത് ഏറ്റവും ഉന്നതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ ഉപകരണങ്ങൾ നിർമിച്ചു. ദൂരദർശിനികളുണ്ടാക്കി. ഇതുമുഖേന അവർ വാനനിരീക്ഷണം നടത്തുന്നു.

ഞാൻ പറഞ്ഞതുപോലെ ചില ഘട്ടങ്ങളിൽ കണക്കുകളിൽ തെറ്റും സംഭവിക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം അത് പറഞ്ഞു. തെറ്റു പറ്റുകയാണെങ്കിൽ ഉദാഹരണത്തിന് ചന്ദ്രൻ ഒരു ദിവസം മുമ്പേ കണ്ടതായി തെളിഞ്ഞാൽ പിന്നെന്തു ചെയ്യണം? കാരണം അതിന്റെ അർഥം ഒരു നോമ്പ് വിട്ടുപോയെന്നാണല്ലോ. ഞങ്ങൾ ഒരു ദിവസം താമസിച്ചാണ് നോമ്പ് നോക്കാൻ തുടങ്ങിയത്. ചന്ദ്രനാണെങ്കിൽ ഒരു ദിവസം മുമ്പേ കാണുകയും ചെയ്തിരുന്നു. കണ്ടുവെന്ന് തെളിയുകയും ചെയ്തു. ഇതു സംബന്ധമായി ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ചോദിക്കപ്പെട്ടു. നോമ്പ് പിടിക്കേണ്ടത് ബുധനാഴ്ചയായിരുന്നു. എന്നാൽ, ഞങ്ങൾ ഇവിടെ ആദ്യനോമ്പ് പിടിച്ചത് വ്യാഴാഴ്ചയാണ്. പൊതുവായ നിലയിൽ ഈ പ്രദേശത്ത് എല്ലായിടത്തും ആദ്യനോമ്പ് വ്യാഴാഴ്ചയാണ് പിടിച്ചത്. ഇനി എന്താണ് ചെയ്യേണ്ടത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: “ഇതിനുപകരം റമളാൻ മാസത്തിനുശേഷം ഒരു നോമ്പു പിടിക്കേണ്ടതാണ്.(മൽഫൂദാത്ത് വാല്യം 9 പേജ് 437 1985 ലണ്ടൻ പതിപ്പ്) വിട്ടുപോയ നോമ്പ് റമളാനുശേഷം പിടിച്ചുവീട്ടുക.

ഇപ്രകാരംതന്നെ ഇടയത്താഴം കഴിക്കേണ്ടുന്ന കാര്യമുണ്ട്. ഇടയത്താഴം കഴിച്ച് നോമ്പ് പിടിക്കേണ്ടത് നിർബന്ധമാണ്. നബി(സ) തിരുമേനി നമ്മളോടു കല്പിച്ചിട്ടുള്ളതും ഇതുതന്നെയാണ്. ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: നോമ്പിന്റെ നാളുകളിൽ ഇടയത്താഴം കഴിക്കുക. ഇടയത്താഴം കഴിച്ച് നോമ്പ് പിടിക്കുന്നതിൽ അനുഗ്രഹമുണ്ട്.(സ്വഹീഹ് ബുഖാരി, കിതാബുസ്സൗം)

ഹദ്റത്ത് മസീഹ് മൗഊദും(അ) ഇത് കൃത്യമായി പാലിച്ചിരുന്നു. ഇടയത്താഴം നിർബന്ധമാണെന്ന് ജമാഅത്തംഗങ്ങളോടു പറയാറുമുണ്ടായിരുന്നു. ഇതുപോലെതന്നെ ഖാദിയാനിൽ അതിഥികൾ വരുമ്പോൾ, അവർക്കുവേണ്ടി ഇടയത്താഴത്തിനുള്ള ഏർപാട് കൃത്യമായി ചെയ്യാറുണ്ടായിരുന്നു; എന്നല്ല വളരെ നല്ല ഏർപാടാണ് ചെയ്തിരുന്നത്.

ഇത് സംബന്ധമായി ഹദ്റത്ത് സാഹിബ്സാദ് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: “മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർഥലവി എഴുത്തു മുഖേന എന്നോടു വിവരിച്ചു. ഞാൻ ഖാദിയാനിൽ മസ്ജിദ് മുബാറക്കിനോടു ചേർന്നുള്ള മുറിയിലായിരുന്നു താമസിച്ചിരുന്നത്. ഞാനൊരിക്കൽ ഇടയത്താഴം കഴിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നു. അവിടന്ന് ഞാൻ ഇടയത്താഴം കഴിക്കുന്നതു കണ്ട് ചോദിച്ചു, താങ്കൾ പരിപ്പുകൂട്ടിയാണോ റൊട്ടി തിന്നുന്നത്? (ഇടയത്താഴത്തിന്റെ നേരത്ത് പരിപ്പുകറിയും റൊട്ടിയും കഴിക്കുകയായിരുന്നു). ആ സമയംതന്നെ സംഘാടകരെ വിളിപ്പിച്ചു. ഇടയത്താഴത്തിന് സ്നേഹിതന്മാർക്ക് ഇത്തരം ഭക്ഷണമാണോ കൊടുക്കുന്നതെന്ന് ചോദിച്ചു. അവിടന്ന് പറഞ്ഞു: ഇവിടെ നമ്മുടെ എത്രമാത്രം സ്നേഹിതന്മാരുണ്ടോ അവരാരും യാത്രയിലല്ല. (ഇവിടെ താമസിക്കുന്നവരാണ്. നോമ്പ് പിടിക്കുന്നവരാണ്). ഓരോരുത്തരോടും അവർക്ക് എന്തെല്ലാം തിന്നുന്ന ശീലമാണുള്ളതെന്ന് ചോദിക്കുക. ഇടയത്താഴത്തിന് എന്തെല്ലാമാണ് ഇഷ്ടപ്പെടുന്നതെന്നും അന്വേഷിക്കുക. അത്തരം ഭക്ഷണം അവർക്കുവേണ്ടി തയ്യാറാക്കുക. പിന്നീട് സംഘാടകർ എനിക്കുവേണ്ടി വേറെ ഭക്ഷണം കൊണ്ടുവന്നു. എന്നാൽ, ഞാൻ തിന്നു കഴിഞ്ഞിരുന്നു. ബാങ്കും കൊടുത്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: കഴിക്കുക. ബാങ്ക് നേരത്തെ കൊടുത്തതാണ്. അതു നോക്കേണ്ട.”(സീറത്തുൽമഹ്ദി വാല്യം 2 ഭാഗം 4 പേജ് 127 നിവേദനം നമ്പർ 1163)

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം തഹജ്ജുദ് നമസ്കരിച്ചതും ഇടയത്താഴം കഴിച്ചതും സംബന്ധിച്ച് ഒരു നിവേദനം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയുന്നു: ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ)എന്നോടു വിവരിച്ചു: 1895-ൽ യാദൃച്ഛികമായി എനിക്ക് മുഴുവൻ നോമ്പും ഖാദിയാനിൽ കഴിച്ചുകൂട്ടാൻ സന്ദർഭമുണ്ടായി. ഞാൻ മാസം മുഴുവൻ ഹദ്റത്ത് സാഹിബിന്റെ പിന്നിൽ തഹജ്ജുദ് നമസ്കാരം അതായത് തറാവീഹ് നിർവഹിച്ചു. വിത്ർ രാത്രിയുടെ ആരംഭത്തിൽ നമസ്കരിക്കുക എന്നതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശീലം. എട്ട് റക്അത്ത് തഹജ്ജുദ് നമസ്കാരം ഈരണ്ടായി രാത്രിയുടെ അവസാന യാമത്തിൽ നിർവഹിച്ചിരുന്നു. ഇതിൽ എപ്പോഴും ആദ്യ റക്അത്തിൽ ആയത്തുൽ കുർസി പാരായണം ചെയ്യുമായിരുന്നു. അതായത് അല്ലാഹു ലാ ഇലാഹ ഇല്ലാഹു മുതൽ വഹുവൽ അലിയ്യുൽ അളീം വരെ. രണ്ടാമത്തെ റക്അത്തിൽ സൂറ ഇഖ്ലാസ് ഓതുമായിരുന്നു. റുകൂഇലും സുജൂദിലും യാ ഹയ്യു യാ ഖയ്യൂം ബിറഹ് മത്തിക്ക അസ്തഗീഥ് മിക്കപ്പോഴും ചൊല്ലുമായിരുന്നു. എത്രമാത്രം ശബ്ദത്തിലായിരുന്നു ചൊല്ലാറുണ്ടായിരുന്നതെന്നാൽ ആ ശബ്ദം എനിക്കു കേൾക്കാമായിരുന്നു. ഇപ്രകാരംതന്നെ അവിടന്ന് ഇടയത്താഴം എപ്പോഴും തഹജ്ജുദ് നമസ്കാരത്തിനുശേഷമാണ് കഴിക്കാറുണ്ടായിരുന്നത്. അത് എത്രമാത്രം മെല്ലെ ആയിരുന്നുവെന്നാൽ ചിലപ്പോൾ കഴിച്ച് കഴിച്ച് ബാങ്കുകൊടുക്കുമായിരുന്നു. ചില അവസരങ്ങളിൽ ബാങ്ക് തീരുന്നതുവരെ അവിടന്ന് ഭക്ഷണം കഴിക്കുമായിരുന്നു.” ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയുന്നു: ഈ വിനീതൻ പറയട്ടെ. യഥാർഥത്തിൽ “സ്വുബ്ഹ് സ്വാദിഖ്' കിഴക്കെ ചക്രവാളത്തിൽനിന്ന് വെളിപ്പെടാത്തിടത്തോളം ഇടയത്താഴം കഴിക്കുന്നത് അനുവദനീയമാണെന്നതാണ് മസ്അല. ബാങ്കുകൊടുക്കുന്നതുമായിട്ട് അതിന് ഒരു ബന്ധവുമില്ല. എന്തുകൊണ്ടെന്നാൽ സുബ്ഹിയുടെ ബാങ്കിന്റെ സമയവും “സ്വുബ്ഹ് സ്വാദിഖ്' വെളിപ്പെടുന്നതിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ആളുകൾ പൊതുവെ ചിലയിടങ്ങളിൽ ഇടയത്താഴത്തിന്റെ പരിധി ബാങ്കുകൊടുക്കുന്നതാണെന്ന് മനസ്സിലാക്കുകയാണ്. ഖാദിയാനിൽ സുബ്ഹിബാങ്ക് “സുബ്ഹി സ്വാദിഖ്' വെളിപ്പെട്ടുടനെ കൊടുക്കുകയാണ് പതിവ്. എന്നല്ല ചിലപ്പോൾ അബദ്ധവും അസൂക്ഷ്മതയും കാരണത്താൽ അതിനു മുമ്പേയും കൊടുക്കാറുണ്ട്. അതുകൊണ്ട് അത്തരം സന്ദർഭങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ബാങ്കുകൊടുക്കുന്നത് ഗൗനിക്കാറുണ്ടായിരുന്നില്ല. “സ്വുബ്ഹ് സ്വാദിഖ്' വ്യക്തമാകുന്നതുവരെ ഇടയത്താഴം കഴിക്കുമായിരുന്നു. യഥാർഥത്തിൽ ശരീഅത്തിന്റെ ഉദ്ദേശ്യവും ഇക്കാര്യത്തിൽ ജ്ഞാനപരവും ഗണിതപരവുമായ നിലയിൽ “സ്വുബ്ഹ് സ്വാദിഖ്' തുടങ്ങിയുടനെ ഭക്ഷണം ഉപേക്ഷിക്കുക എന്നതല്ല. പ്രത്യുത അതിന്റെ ഉദ്ദേശ്യം സാധാരണ ആളുകളുടെ ദൃഷ്ടിയിൽ “സ്വുബ്ഹ് സ്വാദിഖ്'ന്റെ വെളുപ്പ് പ്രകടമാകുമ്പോൾ ഭക്ഷണം നിറുത്തുക എന്നതാണ്. കാരണം “തബയ്യന' എന്ന പദം ഇക്കാര്യമാണ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഹദീഥിലും വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു, “ബിലാലിന്റെ ശബ്ദം കേട്ട് ഭക്ഷണം നിറുത്തരുത്. എന്നല്ല ഇബ്നുമക്തൂം ബാങ്കുകൊടുക്കുന്നതുവരെ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. ഇബ്നുമക്തൂം അന്ധനായിരുന്നു. നേരംവെളുത്തു, നേരം വെളുത്തു എന്ന് പറഞ്ഞ് ആളുകൾ ബഹളം വെക്കുന്നതുവരെ അദ്ദേഹം ബാങ്കുകൊടുക്കുമായിരുന്നില്ല.”(സീറത്തുൽമഹ്ദി വാല്യം 1 ഭാഗം 2 നിവേദനം നമ്പർ 320 പേജ് 295–296)

കഴിഞ്ഞ വർഷം ഞാൻ ഒരു സ്നേഹിതനോടു താങ്കൾ കൂടുതൽ സമയംവരെ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞിരുന്നു. ഞാൻ പറഞ്ഞതുകൊണ്ട് അദ്ദേഹം വീണ്ടും നോമ്പു പിടിച്ചുവെന്നാണ് തോന്നുന്ന ത്. പക്ഷേ, ഈ സമയം അതിരു കടന്നിട്ടില്ലെങ്കിൽ നോമ്പുപിടക്കേണ്ടതില്ല. ഇപ്പോഴും എല്ലാവർക്കും പരിശോധന നടത്താവുന്നതാണ്. ഇവിടെ ബാങ്കൊടുക്കാറില്ല. അതുകൊണ്ട് “സ്വുബ്ഹ് സ്വാദിഖ്' നോക്കേണ്ടത് നിർബന്ധമാണ്. പ്രഭാതം പൊട്ടിവിരിയുമ്പോൾ അതായത് വെള്ള വീശുന്ന സമയംവരെ ഇടയത്താഴം കഴിക്കാവുന്നതാണ്.

ഇടയത്താഴത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥിസൽക്കാരത്തിന്റേതായ മറ്റൊരു ഉദാഹരണവുമുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: മർഹൂം ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ ഭാര്യ ഖാദിയാൻ ലജ്ന ഇമാഇല്ലാഹ് മുഖേന എഴുത്തു മുഖേന വിവരിച്ചു: 1903-ൽ നടന്ന സംഭവമാണ്. ഞാനും മർഹൂം ഡോക്ടർ സാഹിബും റുഡ്കിയിൽനിന്ന് വന്നു. നാലു ദിവസത്തെ ലീവുണ്ടായിരുന്നു. യാത്രയിൽ നോമ്പുണ്ടായിരുന്നില്ലല്ലോ? എന്ന് ഹുദൂർ ചോദിച്ചു. ഇല്ല എന്ന് ഞങ്ങൾ പറഞ്ഞു. ഹുദൂർ ഞങ്ങൾക്ക് ഗുലാബി മുറി താമസിക്കാൻ തന്നു. ഞങ്ങൾ നോമ്പു പിടിക്കുമെന്ന് ഡോക്ടർ സാഹിബ് പറഞ്ഞു. വളരെ നല്ലതെന്ന് ഹുദൂർ പറഞ്ഞു. പിന്നീടു പറഞ്ഞു: നിങ്ങൾ യാത്രയിലാണ്. ഡോക്ടർ സാഹിബ് പറഞ്ഞു, ഹുദൂർ! കുറച്ചു ദിവസം ഇവിടെ താമസിക്കണം. നോ മ്പു പിടിക്കാൻ മനസ്സാഗ്രഹിക്കുന്നുണ്ട്. അവിടന്ന് പറഞ്ഞു, “ശരി'. ഞാൻ നിങ്ങൾക്ക് കശ്മീരി പൊറോട്ട കഴിക്കാൻ തരുന്നതാണ്. കശ്മീരി പൊറോട്ട എങ്ങനെയിരിക്കുമെന്ന് അല്ലാഹുവിന്നറിയാമെന്ന് ഞങ്ങൾ മനസ്സിൽ വിചാരിച്ചു. ഞങ്ങൾ തഹജ്ജുദും നഫ്ലുകളും നമസ്കരിച്ചു. ഇടയത്താഴത്തിന് സമയമായി. ഭക്ഷണം വന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുലാബീ മുറിയിൽവന്നു. (അത് വീടിന്റെ താഴത്തെ നി ലയിലായിരുന്നു). ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് വീടിന്റെ മുകൾഭാഗത്ത് മൂന്നാമത്തെ നിലയിലാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ മൂത്ത ഭാര്യയായിരുന്നു കരീം ബീബീ സാഹിബ. അവരെ മൗലവിയാനീ എന്നാണ് വിളിച്ചിരുന്നത്. കശ്മീരിയായിരുന്നു. രുചികരമായ പൊറോട്ട ഉണ്ടാക്കുമായിരുന്നു. ഹുദൂർ ഈ പൊറോട്ട ഞങ്ങൾക്കുവേണ്ടി അവരെ കൊണ്ട് ഉണ്ടാക്കിച്ചതാണ്. ചൂട് പൊറോട്ട മുകളിൽനിന്ന് വന്നുകൊണ്ടിരുന്നു. ഹുദൂർ(അ)അതെടുത്ത് ഞങ്ങളുടെ മുമ്പിൽ വെച്ചു തന്നുകൊണ്ടു പറഞ്ഞു, “വയറു നിറയെ തിന്നുക.' എനിക്ക് നാണം തോന്നിയിരുന്നു. ഡോക്ടർ സാഹിബും ലജ്ജിച്ചിരുന്നു. എന്നാൽ, ഞങ്ങളുടെ മനസ്സിൽ ഹുദൂറിന്റെ വാത്സല്യത്തിന്റേയും ദയയുടേയും സ്വാധീനമുണ്ടായി. അതുമുഖേന ഓരോ അവയവങ്ങളിലും സന്തോഷത്തിന്റെ ഓളംവെട്ടുന്നുണ്ടായിരുന്നു. അപ്പോൾ ബാങ്കുകൊടുത്തു. ഹുദൂർ(അ)പറഞ്ഞു, “ഇനിയും തിന്നുക.' ഇനിയും ധാരാളം സമയമുണ്ട്. പറഞ്ഞു,

“വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞിരിക്കുന്നു, “കുലൂ വശ്റബൂ ഹത്താ യത്തബയ്യനലക്കുമുൽ ഖയ്ത്തുൽ അബ് യളു മിനൽ ഖയ്ത്തുൽ അസ്‌വദി മിനൽ ഫജ്‌രി (2:188) ഇതനുസരിച്ച് ജനങ്ങൾ പ്രവർത്തിക്കുന്നില്ല. നിങ്ങൾ കഴിക്കുക. ഒരുപാട് സമയം ഇനിയുമുണ്ട്. മുഅദ്ദിൻ സമയമാകുന്നതിനുമുമ്പേ ബാങ്കു കൊടുത്തതാണ്.’ (വീണ്ടും അവർ പറയുന്നു:) ഞങ്ങൾ തിന്നുകൊണ്ടിരിക്കുവോളം ഹുദൂർ നില്ക്കുകയും ഉലാത്തിക്കൊണ്ടിരിക്കുകയും ചെയ്തു. ഡോക്ടർ സാഹിബ് പറഞ്ഞു, “ഹുദൂർ! അങ്ങ് ഇരുന്നാലും. ഞാൻ പോയി ഖാദിമായിൽനിന്ന് പൊറോട്ട വാങ്ങിക്കൊണ്ടുവരാം. ഇല്ലെങ്കിൽ എന്റെ ഭാര്യ വാങ്ങിക്കൊണ്ടുവരും. എന്നാൽ, ഹുദൂർ സമ്മതിച്ചില്ല. ഞങ്ങളെ സൽക്കരിക്കുന്നതിൽ വ്യാപൃതനായിക്കൊണ്ടിരുന്നു. ആ ഭക്ഷണത്തിന് കറിയുമുണ്ടായിരുന്നു. പാലും സേമിയാ തുടങ്ങിയവയുമുണ്ടായിരുന്നു.” (സീറത്തുൽ മഹ്ദീ വാല്യം 2 ഭാഗം 5 പേജ് 202-203)

നല്ല ഭക്ഷണം കഴിച്ചുകൊള്ളുക. പക്ഷേ, അതിലും മിതത്വം പാലിക്കേണ്ടതാണ്. നമ്മൾ നോമ്പു പിടിക്കണം നോമ്പു പിടിച്ചിരിക്കുന്നുവെന്ന ബോധവും ഉണ്ടാവേണ്ടതാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: അല്ലാഹു പറയുന്നു, യുരീദുല്ലാഹു ബിക്കുമുൽയുസ്റ വലാ യുരീദു ബിക്കുമുൽ ഉസ്റ. നിങ്ങൾ വിശ്വസിക്കുകയും എന്നിട്ട് കഷ്ടത അനുഭവിക്കുകയും ചെയ്യുന്നത് നമുക്ക് സഹിക്കുമായിരുന്നില്ല. നിങ്ങളുടെ കഷ്ടതകൾ അകറ്റാനാണ് താൻ നോമ്പ് നിർബന്ധമാക്കിയതെന്ന് അല്ലാഹു പറയുന്നു: ഇത് മുഅ്മിനെ യഥാർഥ മുഅ്മിനാക്കുന്നതരത്തിലുള്ള പോയന്റാണ്. (അതായത് അല്ലാഹു നിങ്ങളുടെ എളുപ്പത്തെയാണ് ആഗ്രഹിക്കുന്നത്. നിങ്ങളുടെ കഷ്ടപ്പാടുകൾ ആഗ്രഹിക്കുന്നില്ല എന്ന ഈ വലിയ പോയന്റ് ഓർമവെക്കേണ്ടതാണ്. അതിന്റെ വിശദീകരണമെന്താണ്) നോമ്പിൽ വിശപ്പ് സഹിച്ചിരിക്കുകയോ ദീനിനുവേണ്ടി ത്യാഗം ചെയ്യുകയോ ചെയ്യുക എന്നത് ഏതെങ്കിലും നഷ്ടത്തിന് കാരണമാകുകയില്ല. എന്നല്ല പൂർണമായും നേട്ടത്തിന് കാരണമാകുന്നതാണ്. റമളാനിൽ മനുഷ്യൻ വിശന്നിരിക്കുന്നുവെന്ന് വിചാരിക്കുന്നവൻ വിശുദ്ധഖുർആനെ നിഷേധിക്കുകയാണ്. കാരണം “നിങ്ങൾ വിശക്കുന്നവരായിരുന്നു. നിങ്ങൾ ഭക്ഷണം കഴിക്കുന്നതിനുവേണ്ടി നാം റമളാൻ നിശ്ചയിച്ചിരിക്കുന്നു’ എന്ന് അല്ലാഹു പറയുന്നു. അതിനാൽ ഭക്ഷണമെന്നത് അല്ലാഹു തീറ്റിക്കുന്നതാണെന്ന് മനസ്സിലായി. യഥാർഥജീവിതം അതിൽനിന്നാണ്. അതിനുപുറമെയുള്ള ഭക്ഷണം, ഭക്ഷണമല്ല. കല്ലാണ്. തിന്നുന്നവർക്ക് അത് നാശത്തിന് കാരണമാണ്. ഏതൊരു ഉരുളയാണോ വായിൽ പോകുന്നത് അതിനെ സംബന്ധിച്ച് അത് ആർക്കുവേണ്ടിയാണെന്ന് ആദ്യം നോക്കേണ്ടത് സത്യവിശ്വാസിയുടെ നിർബന്ധകടമയാണ്. അത് അല്ലാഹുവിനുവേണ്ടിയാണെങ്കിൽ, അതാണ് യഥാർഥ ഭക്ഷണം. സ്വന്തം ശരീരത്തിനു വേണ്ടിയാണെങ്കിൽ അത് ഭക്ഷണമല്ല.”

ഇടയത്താഴം അല്ലാഹുവിന്റെ കല്പനയാലാണ് കഴിക്കുന്നതെങ്കിൽ, അത് അല്ലാഹുവിനുവേണ്ടിയാണെങ്കിൽ നബി(സ)തിരുമേനി പറഞ്ഞതുപോലെ അതിൽ അനുഗ്രഹമുണ്ട്. വയറുനിറയണമെന്നും നല്ല ഭക്ഷണം കഴിക്കണമെന്നും രസം അനുഭവിക്കണമെന്നുമാണെങ്കിൽ, അപ്പോൾ അത് ശരീരത്തിനു വേണ്ടിയാണ്. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിശദീകരിച്ചു. അല്ലാഹുവിനുവേണ്ടി ധരിക്കുന്ന വസ്ത്രമാണ് യഥാർഥ വസ്ത്രം. ശരീരത്തിനുവേണ്ടി ധരിക്കുന്ന വസ്ത്രം നഗ്നതയാണ്. നോക്കുക! എത്ര നല്ല രീതിയിലാണ് പറഞ്ഞത്, അല്ലാഹുവിനുവേണ്ടി ബുദ്ധുമുട്ടുകളും വിപത്തുകളും സഹിക്കാത്തിടത്തോളം നിങ്ങൾക്ക് എളുപ്പം വഹിക്കാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതനുസരിച്ച് റമളാനെ തടിക്കാനുള്ള മാർഗമാക്കുന്നവരുടെ ചിന്താഗതികളും ഇതുമുഖേന നിരർഥമായിത്തീരുന്നു. (ചിലയാളുകളുണ്ട് അവരുടെ ഭാരം റമളാനിൽ കുറയേണ്ടുന്നതിനുപകരം വർധിക്കുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, ചിലയാളുകൾക്ക് റമളാൻ കുതിരക്ക് ഗോതമ്പുപോലെയാണ്.(അതായത് ഗോതമ്പിന്റേയും യവത്തിന്റേയും നല്ല ഭക്ഷണംപോലെ). അവർ ഈ ദിനങ്ങളിൽ നല്ലവണ്ണം നെയ്യും മധുരപലഹാരങ്ങളും കൊഴുപ്പുള്ള ഭക്ഷണങ്ങളും കഴിക്കുന്നു. ഗോതമ്പ് തിന്നതിനുശേഷം കുതിര തടിച്ചുകൊഴുത്തു പുറത്തുവരുന്നതുപോലെ അവർ പുറത്തുവരുന്നു. ഇക്കാര്യവും റമളാന്റെ അനുഗ്രഹങ്ങൾ കുറയ്ക്കുന്നവയാണ്.’(തഫ്സീറെ കബീർ വാല്യം 2 പേജ് 395-396)

ഒരു ഭാഗത്ത് ഇടയത്താഴം കഴിക്കാൻ കല്പിക്കുന്നു. അതിൽ ബർക്കത്തുണ്ടെന്ന് പറയുന്നു. നോമ്പു തുറക്കാൻ പറയുന്നു. അതിൽ ബർക്കത്തുണ്ടെന്ന് പറയുന്നു. എന്നാൽ, മറുഭാഗത്ത് തിന്നുക എന്നതുമാത്രമാണ് ഉദ്ദേശ്യമെങ്കിൽ ഇക്കാര്യം ആ അനുഗ്രഹങ്ങളെ കുറച്ചു കളയുകയും ചെയ്യുന്നു. അതുകൊണ്ട് സന്തുലിതാവസ്ഥ നിർബന്ധമാണ്. നല്ലതുതിന്നുക; എന്നാൽ, മധ്യമനിലയോടുകൂടി.

യാത്രയിലും രോഗാവസ്ഥയിലും നോമ്പ് അനുവദനീയമല്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് പറയുന്നു: “ഇക്കാലത്ത് ബയ്അത്ത് ചെയ്യാത്തവരിൽപ്പെട്ടവരുടെ നേതാവായിരിക്കുന്ന മിർസാ യഅ്ഖൂബ് ബേഗ് സാഹിബാണെന്ന് തോന്നുന്നു, ഒരിക്കൽ വെളിയിൽനിന്നുവന്നു. അസ്റിന്റെ സമയമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പു മുറിക്കാൻ സമ്മർദം ചെലുത്തി. പറഞ്ഞു: “യാത്രയിൽ നോമ്പ് അനുവദനീയമല്ല.’ ഇപ്രകാരംതന്നെ ഒരിക്കൽ രോഗികൾ നോമ്പുപിടിക്കുന്നതിനെ കുറിച്ചുള്ള ചർച്ചയുണ്ടായി. അവിടന്ന് പറഞ്ഞു: “ഇളവുകളിൽനിന്ന് ഫലമെടുക്കേണ്ടതാണ്. മതം എന്നത് കടുപ്പമല്ല. പ്രത്യുത എളുപ്പമാണ് പഠിപ്പിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു, രോഗികൾക്കും യാത്രക്കാർക്കും നോമ്പുപിടിക്കാൻ കഴിയുമെങ്കിൽ പിടിക്കണമെന്ന് പറയുന്നത് ശരിയായി നാം മനസ്സിലാക്കുന്നില്ല. ഈ പരമ്പരയിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ), മുഹിയിദ്ദീനുബ്നു അറബിയുടെ വാക്യം വിവരിച്ചു. അദ്ദേഹം യാത്രയിലും രോഗാവസ്ഥയിലും നോമ്പെടുക്കുന്നത് അനുവദനീയമായി കരുതിയിരുന്നില്ല. അദ്ദേഹത്തിന്റെ പക്കൽ അത്തരം അവസ്ഥയിൽ പിടിക്കുന്ന നോമ്പ് പിന്നീട് പിടിച്ചു വീട്ടേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതു കേട്ടിട്ട് പറഞ്ഞു, അതേ! നമ്മുടേയും വിശ്വാസം ഇതുതന്നെയാണ്.’(ഖുത്ബാത്തെ മഹ്മൂദ് വാല്യം 13 പേജ് 37)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു അവസരത്തിൽ പറഞ്ഞു: “അവിടന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നോടു ചോദിച്ച ഒരു ചോദ്യമിതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോമ്പിനെ സംബന്ധിച്ച് “രോഗിയും യാത്രക്കാരനും നോമ്പുപിടിക്കുകയാണെങ്കിൽ അവരിൽ കല്പന ലംഘനത്തിന്റെ ഫത്‌വ നിർബന്ധമായും വരും’എന്ന് ഫത്‌വ നല്കിയിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോടു അദ്ദേഹം പറഞ്ഞു, സാലാന ജൽസയിൽ പങ്കെടുക്കാൻ വരുന്ന അഹ്മദീ സഹോദരങ്ങൾക്ക് ഇവിടെ വന്നിട്ട് നോമ്പെടുക്കാവുന്നതാണെന്ന് അൽഫള്‌ലിൽ താങ്കളുടേതായിട്ട് വിളംബരം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. (ജൽസ സാലാനയുടെ നാളുകളിൽ റമളാൻ വന്നു. ആ നാളുകളിലാണ് ജൽസ ഉണ്ടായത്. പക്ഷേ, ആർക്കാണോ നോമ്പ് പിടിക്കേണ്ടിയിരുന്നത് അവർ നോമ്പ് പിടിച്ചുകൊണ്ടിരിക്കുകയും ചെയ്തു.)എന്നാൽ, പിടിക്കാത്തവർ പിന്നീടു പിടിക്കുക. അവർക്കെതിരിലും ഒരു ആക്ഷേപവുമില്ല. (ഈ വിളംബരമാണ് പ്രസിദ്ധീകരിച്ചിരുന്നത്). ഇതു സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒന്നാമതായി ഞാൻ പറയാനാഗ്രഹിക്കുന്നത്, എന്റെ ഒരു ഫത്‌വയും അൽഫള്‌ലിൽ പ്രസിദ്ധീകരിച്ചിട്ടില്ല എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഫത്‌വ ഞാൻ രിവായത്ത് ചെയ്തത് അൽഫള്‌ലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. യഥാർഥ കാര്യമെന്താണെന്നുവച്ചാൽ ഖിലാഫത്തു കാലത്തിനുമുമ്പേയുള്ള നാളുകളിൽ യാത്രയിൽ നോമ്പു പിടിക്കുന്നത് ഞാൻ വിലക്കാറുണ്ടായിരുന്നു. കാരണം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടിരുന്നു. അവിടന്ന് യാത്രക്കാർക്ക് നോമ്പു പിടിക്കാൻ അനുവാദം നല്കാറില്ലായിരുന്നു. ഒരിക്കൽ ഞാൻ കണ്ടു, മിർസാ അയ്യൂബ് ബേഗ് സാഹിബ് റമളാനിൽ വന്നു. അദ്ദേഹം നോമ്പു പിടിച്ചിരുന്നു. എന്നാൽ, അസ്വറിന്റെ നേരത്ത് അദ്ദേഹം വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)യാത്രയിൽ നോമ്പെടുക്കുന്നത് അനുവദനീയമല്ലെന്നു പറഞ്ഞ് അദ്ദേഹത്തെക്കൊണ്ട് നോമ്പ് തുറപ്പിച്ചു. അതിനെ തുടർന്ന് മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ ദീർഘമായ ചർച്ചകളും സംസാരങ്ങളുമാണ് നടന്നത്. ആർക്കും ചതിപറ്ററുതെന്ന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)മനസ്സിലാക്കി. അതുകൊണ്ട് അദ്ദേഹം ഇബ്നുഅറബിയുടെ വാക്യം ഉദ്ധരിച്ചു; അദ്ദേഹവും ഈ അഭിപ്രായക്കാരനാണെന്ന് പറഞ്ഞ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ആ സംഭവം എന്നിലുണ്ടാക്കിയ സ്വാധീനംകൊണ്ടാണ് ഞാൻ യാത്രയിൽ നോമ്പെടുക്കുന്നത് വിലക്കിയിരുന്നത്. യാദൃച്ഛികമായി ഒരു റമളാനിൽ മൗലവി അബ്ദുല്ലാഹ് സൻവരി സാഹിബ് ഇവിടെ റമളാൻ കഴിച്ചുകൂട്ടുന്നതിനു വന്നു. അദ്ദേഹം പറഞ്ഞു. അങ്ങ് വെളിയിൽനിന്നുവരുന്നവരെ നോമ്പു പിടിക്കുന്നതിൽനിന്ന് വിലക്കുന്നുവെന്ന് ഞാൻ കേട്ടു. എന്നാൽ, എന്റെ നിവേദനമാണ്, ഇവിടെ ഒരു സാഹിബ് വന്നു. അദ്ദേഹം തനിക്ക് ഇവിടെ താമസിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു. ഇക്കാലയളവിൽ നോമ്പു പിടിക്കാമോ? (യാത്രക്കാരൻ ഖാദിയാനിൽ വന്ന് നോമ്പ് പിടിച്ചിരുന്നു എന്ന് മുമ്പേ രണ്ടു സംഭവങ്ങൾ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.)താങ്കൾക്ക് നോമ്പ് പിടിക്കാവുന്നതാണെന്ന് അവിടന്ന് പറഞ്ഞു. കാരണം ഖാദിയാൻ അഹ്മദികൾക്ക് രണ്ടാമത്തെ ജന്മനാടാണ്.(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു). മൗലവി അബ്ദുല്ലാഹ് സാഹിബ് മർഹൂം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വളരെ അടുത്ത ആളായിരുന്നെങ്കിലും ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമല്ല സ്വീകരിച്ചത്. മറ്റാളുകളുടേയും ഇതിനെക്കുറിച്ച് സാക്ഷ്യമെടുത്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഖാദിയാനിലെ താമസത്തിന്നിടയിൽ നോമ്പ് പിടിക്കാൻ അനുവാദം നല്കാറുണ്ടായിരുന്നുവെന്ന് മനസ്സിലായി. എന്നാൽ, വരുന്ന ദിവസവും പോകുന്ന ദിവസവും നോമ്പ് പിടിക്കാൻ അനുവാദം നല്കിയിരുന്നില്ല. ഇക്കാരണത്താൽ എനിക്ക് ആദ്യ ചിന്ത മാറ്റേണ്ടിവന്നു. പിന്നീട് ഇപ്രാവശ്യം റമളാനിൽ ജൽസസാലാന വരുമ്പോൾ, വരുന്നവർ നോമ്പുപിടിക്കണോ എന്ന പ്രശ്നം വീണ്ടുമുണ്ടായി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ റമളാനിൽ ജൽസ സാലാന വന്നപ്പോൾ തങ്ങൾ നേരിട്ട് അതിഥികൾക്ക് ഇടയത്താഴം നല്കിയിരുന്നുവെന്ന് ഒരു സാഹിബ് പറഞ്ഞു. ഈ പരിതഃസ്ഥിതിയിലാണ് ഞാൻ ഇവിടെ വരുന്ന അതിഥികൾക്ക് നോമ്പുപിടിക്കാൻ അനുവാദം നല്കിയത്. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫത്‌വയാണ്. മുമ്പേ യാത്രയിൽ നോമ്പെടുക്കുന്നതും ഉലമാ അനുവദനീയമാക്കിയിരുന്നു. ഇക്കാലത്തെ യാത്രയെ അനഹ്മദീ മൗലവി യാത്രയെന്ന് അംഗീകരിക്കുന്നില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)യാത്രയിൽ നോമ്പെടുക്കുന്നത് വിരോധിച്ചു. പിന്നീട് ഇവിടെ ഖാദിയാനിൽവന്നിട്ട് നോമ്പു പിടിക്കുന്നത് അനുവദനീയമാണെന്ന് പറഞ്ഞതും അവിടന്ന് തന്നെയാണ്. ഇനി നമ്മൾ അദ്ദേഹ ത്തിന്റെ ഒരു ഫത്‌വ എടുക്കുകയും ഒന്ന് ഉപേക്ഷിക്കുകയും ചെയ്യാൻ പാടില്ല. അങ്ങനെ വരുമ്പോൾ പഠാണി പറഞ്ഞതുപോലെയാകും. പഠാണിയെ സംബന്ധിച്ച് വളരെ പ്രസിദ്ധമായ ഒരു സംഭവമുണ്ട്. പഠാണി കർമശാസ്ത്രപരമായ കാര്യങ്ങൾ വളരെ കൃത്യമായി പാലിച്ചിരുന്നു. ഒരു പഠാണി വിദ്യാർഥി ഉണ്ടായിരുന്നു. നമസ്കാരം വലിയ ചലനംകൊണ്ട് പാഴാകുമെന്ന് അവൻ ഫിഖ്ഹിൽ വായിച്ചിരുന്നു. അവൻ ഹദീഥിൽ നബി(സ)തിരുമേനിയെക്കുറിച്ച് അവിടന്ന് ഒരിക്കൽ ചലിച്ചുവെന്ന് കണ്ടുടനെ പറഞ്ഞു, നബി(സ)തിരുമേനിയുടെ നമസ്കാരം പാഴായിപ്പോയി! കാരണം വലിയ ചലനംകൊണ്ട് നമസ്കാരം പാഴായിപ്പോകുമെന്ന് ഖദൂരിയിൽ എഴുതിയിട്ടുണ്ട്!(ചുരുക്കത്തിൽ ഈ മൗലവിമാരിൽനിന്ന് പഠിച്ചിട്ടുള്ള ഈ പഠാണി അല്ലെങ്കിൽ ഏതു വ്യക്തിയും തിരിച്ച് നബി(സ) തിരുമേനിക്കെതിരെ ഫത്‌വ നല്കാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അവിടന്ന് പറയുന്നു:) യാത്രയിൽ നോ

## ഹദീഥുന്നബ്‌വി(സ)

അത്വിഅ് അബാക്ക

നീ നിന്റെ പിതാവിനെ അനുസരിക്കുക

**ത്വാലിബെ ദുആ:**

**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഹദീഥുന്നബ്‌വി(സ)

അഅ്‌ലിനുന്നിക്കാഹ്

നിക്കാഹ് വിളംബരപ്പെടുത്തുക

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഹദീഥുന്നബ്‌വി(സ)

അക്‌രിമിശ്ശിഅ്ർ

നിന്റെ മുടിയെ ബഹുമാനിക്കുക

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

മ്പു പിടിക്കരുതെന്ന് ഫത്വ നല്കിയ വ്യക്തിതന്നെയാണ് ഖാദിയാൻ അഹ്മദികളുടെ രണ്ടാം ജന്മസ്ഥാനമാണെന്നും ഇവിടെ നോമ്പു പിടിക്കുന്നത് അനുവദനീയമാണെന്നും പറഞ്ഞത്. അതിനാൽ ഇവിടെ നോമ്പുപിടിക്കുക എന്നത് അദ്ദേഹത്തിന്റെതന്നെ ഫത്വ അനുസരിച്ചാണുള്ളത്; ഇതിനു മറ്റുകാരണങ്ങൾ ഉണ്ടെങ്കിലും.(അൽഫള്ൽ 1934 ജനുവരി 4 പേജ് 3-4 വാള്യം 21 നമ്പർ 80)

ഒരുസ്ഥലത്ത് താമസിക്കുകയാണെങ്കിൽ നോമ്പുപിടിക്കുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് സയ്യിദ് മുഹമ്മദ് സർവർശാഹ് സാഹിബ് എഴുതുന്നു: നോമ്പിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഒരാൾ ഒരിടത്ത് മൂന്നു ദിവസത്തിലധികം നില്ക്കുകയാണെങ്കിൽ നോമ്പുപിടിക്കുക. മൂന്നു ദിവസത്തെക്കാൾ കുറവാണ് നില്ക്കുന്നതെങ്കിൽ നോമ്പു പിടിക്കരുത്. ഖാദിയാനിൽ കുറച്ചുദിവസം താമസിച്ചിട്ടും നോമ്പുപിടിക്കുകയാണെങ്കിൽ നോമ്പ് വീണ്ടും പിടിക്കേണ്ട ആവശ്യമില്ല. കാരണം ഖാദിയാൻ രണ്ടാമത്തെ ജന്മനാടാണ്. (ഫത്താവാ ഹദ്റത്ത് സയ്യിദ് മുഹമ്മദ് സർവർശാഹ് സാഹിബ് രജിസ്റ്റർ നമ്പർ 5 ദാറുൽ ഇഫ്ത്താ റബ്വ, ഫിഖ്ഹുൽമസീഹ് പേജ് 208 ബാബ് റോസ ഔർ റമളാൻ)

കാരണം ഖാദിയാൻ രണ്ടാമത്തെ ജന്മനാടാണ്. ഇവിടെ മൂന്നുദിവസത്തേക്കാൾ കുറച്ചുസമയമാണ് നില്ക്കുന്നതെങ്കിലും നോമ്പു പിടിക്കാൻ ആഗ്രഹമുണ്ടെങ്കിൽ പിടിക്കാവുന്നതാണ്. എന്നാൽ, മറ്റിടങ്ങളിൽ മൂന്നുദിവസം താമസിക്കുകയാണെങ്കിൽ നോമ്പു പിടിക്കാവുന്നതാണ്.

യാത്രക്കാരും രോഗികളും നോമ്പ് പിടിക്കരുത്. ഇതിനെ സംബന്ധിച്ച് ഒരു നിവേദനമുണ്ട്. ലാഹോറിൽനിന്ന് ഒരു വ്യക്തി ശേയ്ഖ് മുഹമ്മദ് ചിട്ടു സാഹിബും മറ്റുള്ളവരും വന്നിരിക്കുന്നുവെന്നറിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മഹത്തായ ധാർമികതയുടെ അടിസ്ഥാനത്തിൽ വെളിയിൽവന്നു. വെളയിൽ നടക്കാൻ പോകാം എന്നതായിരുന്നു ഉദ്ദേശ്യം. സഹോദരങ്ങളുമായി കൂടിക്കാഴ്ചയുടെ പരിപാടി നടക്കുകയും ചെയ്യും. വന്നവരുമായും കൂടിക്കാഴ്ച നടക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വെളിയിൽ വരുമെന്ന് മറ്റുള്ളവർക്കും അറിയാൻ കഴിഞ്ഞു. അതുകൊണ്ട് ധാരാളമാളുകൾ ചെറിയ മസ്ജിദിൽ(മസ്ജിദ് മുബാറക്കിൽ)ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാതിലിലൂടെ വെളിയിൽ വന്നപ്പോൾ സാധാരണയെന്നപോലെ ഖാദിംകൾ ശലഭങ്ങളെപ്പോലെ അദ്ദേഹത്തിന്റെ അടുക്കലേക്കോടി. അവിടന്ന് ശേയ്ഖ് സാഹിബിനെ കണ്ട് സലാം പറഞ്ഞതിനുശേഷം വിശേഷങ്ങൾ അന്വേഷിച്ചു. താങ്കൾ സുഖത്തിലാണോ? പണ്ടേ കണ്ടുവരുന്നവരിൽപ്പെട്ടയാളാണ്. ബാബാ ചിട്ടു പറഞ്ഞു, "വലിയ നന്ദിയുണ്ട്.' ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹക്കീം മുഹമ്മദു ഹുസയ്ൻ ഖുറയ്ശി സാഹിബിനോടു പറഞ്ഞു, "അദ്ദേഹത്തിന് ഒരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാതെ നോക്കേണ്ടത് താങ്കളുടെ കടമയാണ്. അദ്ദേഹത്തിന്റെ താമസത്തിനും ഭക്ഷണത്തിനുമുള്ള ഏർപാടു ചെയ്യുക. എന്തു ആവശ്യമുണ്ടെങ്കിലും എന്നോടു പറയുക. അദ്ദേഹത്തിന്റെ ഭക്ഷണം എന്താണെന്ന് ചോദിച്ച് അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഭക്ഷണം തയ്യാറാക്കാൻ മിയാ നജ്മുദ്ദീനോടു താക്കീതു ചെയ്യുക. ഹക്കീം സാഹിബ് പറഞ്ഞു, "ശരി. ഇൻശാ അല്ലാഹ് ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.' അതുകഴിഞ്ഞ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ അതിഥിയോടു ചോദിച്ചു:താങ്കൾ നോമ്പ് പിടിച്ചിട്ടില്ലല്ലോ? അദ്ദേഹം പറഞ്ഞു, "എനിക്ക് നോമ്പണ്. ഞാൻ നോമ്പ് പിടിച്ചിരിക്കുന്നു.' അദ്ദേഹം അഹ്മദിയായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:വിശുദ്ധ ഖുർആനിന്റെ ഇളവനുസരിച്ച് പ്രവർത്തിക്കേണ്ടതും തഖ്‌വയാണ്. അല്ലാഹു യാത്രക്കാരനും രോഗിക്കും മറ്റു സമയത്ത് നോമ്പ് പിടിക്കാൻ ഇളവു നല്കിയിരിക്കുന്നു. അതുകൊണ്ട് ഈ കല്പനയനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു, "യാത്രാവസ്ഥയിലും രോഗാവസ്ഥയിലും നോമ്പു പിടിക്കുന്നത് പാപമാണെന്നതിലേക്കാണ് മിക്ക മഹാത്മാക്കളും പോയിട്ടുള്ളത്. കാരണം ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയാണ്. നമ്മുടെ ഇഷ്ടമല്ല. അല്ലാഹുവിന്റെ തൃപ്തി അനുസരണത്തിലാണ്. അവൻ കല്പിക്കുന്നത് പ്രവർത്തിക്കുക. സ്വന്തം നിലയിൽ അതിന് അടിക്കുറിപ്പ് കയറ്റാതിരിക്കുക. അവൻ നല്കിയിരിക്കുന്ന കല്പന ഇതാണ്: ഫമൻ കാന മിൻകും മരീളൻ ഔ അലാ സഫറിൻ ഫ ഇദ്ദത്തുൻമ്മിൻ അയ്യാമിൻ ഉഖറ ഇങ്ങനെയുള്ള യാത്ര അങ്ങനെയുള്ള രോഗം എന്നു പറഞ്ഞ് അതിൽ ഒരു തടയുമിട്ടില്ല. ഞാൻ യാത്രാവസ്ഥയിൽ നോമ്പ് പിടിക്കാറില്ല; അതുപോലെതന്നെ രോഗാവസ്ഥയിലും. ഇന്നും എനിക്ക് നല്ല സുഖമില്ല. അതുകൊണ്ട് ഞാൻ നോമ്പ് എടുത്തിട്ടില്ല. നടക്കുകയും മറ്റും ചെയ്യുമ്പോൾ രോഗത്തിനു അല്പം ശമനം കിട്ടുന്നു. അതിനാൽ വെളിയിൽ പോകുന്നതാണ്.(ആ അതിഥിയോടു ചോദിച്ചു)താങ്കളും വരുന്നുണ്ടോ? ബാബാ ചിട്ടു പറഞ്ഞു, "ഇല്ല. എനിക്ക് വരാൻ കഴിയില്ല. താങ്കൾ പോയി വരിക. ഈ കല്പന ഉണ്ടെന്നതിന് സംശയമില്ല. എന്നാൽ, യാത്രയിൽ ബുദ്ധിമുട്ടൊന്നുമില്ല. പിന്നെന്തുകൊണ്ട് നോമ്പ് പിടിച്ചുകൂടാ?' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു,"ഇത് താങ്കളുടെ സ്വന്തം അഭിപ്രായമാണ്. വിശുദ്ധ ഖുർആൻ ബുദ്ധിമുട്ടിനേയോ ബുദ്ധിമുട്ടില്ലാത്തതിനേയോ കുറിച്ചൊന്നും പറഞ്ഞിട്ടില്ല. ഇപ്പോൾ താങ്കൾ വളരെ വൃദ്ധനായിരിക്കുന്നു. ജീവിതത്തെ വിശ്വസിക്കാൻ പറ്റുകയില്ല. അല്ലാഹു ഇഷ്ടപ്പെടുകയും സ്വിറാത്തെ മുസ്തഖീം കിട്ടുകയും ചെയ്യുന്ന വഴിയാണ് മനുഷ്യൻ സ്വീകരിക്കേണ്ടത്. അതുകേട്ട് ബാബാ സാഹിബ് പറഞ്ഞു,"താങ്കളിൽനിന്ന് കുറച്ചു ഫലമെടുക്കാനാണ് ഞാൻ വന്നത്. ഈ വഴിയാണ് സത്യമെങ്കിൽ നാം എന്തിന് അശ്രദ്ധയിൽത്തന്നെ മരിക്കണം.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, "അതേ! ഇത് വളരെ നല്ല കാര്യമാണ്.' പിന്നീടു പറഞ്ഞു, "ഞാൻ കുറച്ചകലെ പോയി വരാം. താങ്കൾ വിശ്രമിക്കുക.'(അൽഹക്കം 1907 ജനുവരി 31 പേജ് 14 വാള്യം 11 നമ്പർ 4)

രോഗികളും യാത്രക്കാരും നോമ്പുപിടിക്കുന്നതിനെക്കുറിച്ചുള്ള ചർച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്‌ലിസിൽ ഉണ്ടായി. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്, രോഗിയും യാത്രക്കാരനും നോമ്പിന്റെ നാളുകളിൽ നോമ്പുപിടിക്കുകയാണെങ്കിൽ അവൻ സുഖമായിക്കഴിഞ്ഞാൽ റമളാൻ മാസം കഴിഞ്ഞ് നോമ്പ് പിടിച്ചുവീട്ടേണ്ടത് നിർബന്ധമാണെന്ന് ശേയ്ഖ് ഇബ്നു അറബിയുടെ വാക്യമുണ്ടെന്ന് പറഞ്ഞു. കാരണം അല്ലാഹു പറയുന്നു: ഫമൻ കാന മിൻകും മരീളൻ ഔ അലാ സഫറിൻ ഫ ഇദ്ദത്തുൻമ്മിൻ അയ്യാമിൻ ഉഖറ(2:185) നിങ്ങളിൽ രോഗിയായവരും യാത്രക്കാരും റമളാൻ മാസത്തിനുശേഷമുള്ള ദിവസങ്ങളിൽ നോമ്പു പിടിച്ചുവീട്ടുക. ഇതിൽ അല്ലാഹു രോഗിയും യാത്രക്കാരനും തന്റെ പിടിവാശികൊണ്ടോ തന്റെ ആഗ്രഹം പൂർത്തിയാക്കുന്നതിനുവേണ്ടിയോ ഈ ദിനങ്ങളിൽ നോമ്പു പിടിക്കാനും പിന്നീട് പിടിക്കേണ്ട ആവശ്യമില്ലന്നും പറഞ്ഞില്ല. പിന്നീട് നോമ്പുപിടിക്കണമെന്നത് അല്ലാഹുവിന്റെ വ്യക്തമായ കല്പനയാണ്. പിന്നീട് നോമ്പുപിടിക്കേണ്ടത് എന്തായാലും നിർബന്ധകടമയാണ്. ഇടയ്ക്കുള്ള നോമ്പ് അയാൾ പിടിക്കുകയാണെങ്കിൽ അത് അധികമായ കാര്യമാണ്. അവന്റെ മനസ്സിന്റെ ആഗ്രഹമാണ്. അതുകൊണ്ട് പിന്നീട് നോമ്പുപിടിച്ചുവീട്ടണമെന്ന അല്ലാഹുവിന്റെ കല്പന നീങ്ങിപ്പോകുന്നതല്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "രോഗാവസ്ഥയിലും യാത്രയിലും ആയിരിക്കുമ്പോൾ ആരാണോ നോമ്പുപിടിക്കുന്നത് അവൻ ദൈവകല്പന വ്യക്തമായും നിഷേധിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു വ്യക്തമായും പറഞ്ഞിട്ടുള്ളത്, രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. രോഗത്തിൽനിന്ന് മുക്തനായാൽ, യാത്ര അവസാനിച്ചുകഴിഞ്ഞാൽ പിന്നീട് നോമ്പുപിടിക്കുക. അല്ലാഹുവിന്റെ ഈ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം നജാത്ത് അഥവാ മോക്ഷം അല്ലാഹുവിന്റെ കൃപാകടാക്ഷത്താലാണ് ലഭിക്കുന്നത്. തങ്ങളുടെ കർമങ്ങളുടെ ശക്തികൊണ്ട് ആർക്കും മോക്ഷം കരസ്ഥമാക്കാൻ സാധിക്കുകയില്ല.' കരബലംകൊണ്ട് മോക്ഷം കരസ്ഥമാക്കാൻ സാധിക്കുകയില്ല. രോഗം ചെറുതാണെങ്കിലെന്നോ വലുതാണെങ്കിലെന്നോ യാത്ര ചെറുതാണെങ്കിലെന്നോ വലുതാണെങ്കിലെന്നോ എന്നൊന്നും അല്ലാഹു പറഞ്ഞില്ല. കല്പന പൊതുവായിട്ടുള്ളതാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പുപിടിക്കുകയാണെങ്കിൽ കല്പന ലംഘനത്തിന്റെ ഫത്വ അവരിൽ തീർച്ചയായും പതിയുന്നതാണ്.'(മൽഫൂദാത്ത് വാള്യം 9 പേജ് 430-431, 1985 ലണ്ടൻ പതിപ്പ്).

ഒരു നിവേദനത്തിൽ വരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: "ഹദ്റത്ത് മിയാ അബ്ദുല്ലാഹ് സാഹിബ് സൻവരിയുടെ മകൻ മിയാ റഹ്മത്തുല്ലാഹ് സാഹിബ് നിവേദനം. ഒരിക്കൽ ഹുദൂർ (അ) ലുധിയാനയിൽ വന്നു. റമളാൻ മാസമായിരുന്നു. ഞങ്ങളെല്ലാവരും ഗൗഥ്ഗഡ്ഢിൽനിന്ന് നോമ്പെടുത്ത് ലുധിയാനയിൽ പോയി. ഹുദൂർ പിതാവിനോടു നേരിട്ട് ചോദിക്കുകയോ മറ്റാരിൽനിന്ന് അറിയുകയോ ചെയ്തു (ഇതെനിക്ക് ഓർമയില്ല)ഗൗഥ്ഗഡ്ഢിൽനിന്ന് വന്നവരെല്ലാം നോമ്പുകാരാണെന്ന്. ഹുദൂർ(അ)പറഞ്ഞു, "മിയാ അബ്ദുല്ലാഹ്! നോമ്പു പിടിക്കുക എന്നത് അല്ലാഹുവിന്റെ കല്പനയാണെന്നതുപോലെതന്നെയാണ് യാത്രയിൽ നോമ്പ് പിടിക്കരുതെന്നതും. നിങ്ങളെല്ലാവരും നോമ്പ് മുറിക്കുക. ളുഹ്റിനുശേഷമുള്ള കാര്യമാണിത്.' അങ്ങനെ എല്ലാവരും നോമ്പ് മുറിച്ചു.(സീറത്തുൽമഹ്ദീ വാള്യം 2 ഭാഗം 4 പേജ് 125 നിവേദനം 1159)

മറ്റൊരു നിവേദനമുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: "മിയാ അബ്ദുല്ലാഹ് സാഹിബ് സൻവരി സാഹിബ് വിവരിച്ചു: പ്രാരംഭ കാലത്തെ സംഭവമാണ്. ഒരിക്കൽ റമളാൻ മാസത്തിൽ ഒരു അതിഥി ഇവിടെ ഹദ്റത്ത് സാഹിബിന്റെ അടുത്തുവന്നു. അയാൾക്ക് അപ്പോൾ നോമ്പായിരുന്നു. പകലിന്റെ അധികഭാഗവും കഴിഞ്ഞിരുന്നു. എന്നല്ല അസ്റിനുശേഷമുള്ള സമയമാണെന്നാണ് തോന്നുന്നത്. നോമ്പു തുറക്കാൻ ഹദ്റത്ത് സാഹിബ് അയാളോടു പറഞ്ഞു. അയാൾ പറഞ്ഞു, ഇനി കുറച്ചു സമയമേ ബാക്കിയുള്ളു. ഇനി എന്ത് മുറിക്കാനാണ്? ഹുദൂർ(അ)പറഞ്ഞു, "താങ്കൾ നെഞ്ചൂക്ക്കൊണ്ട് അല്ലുഹുവിനെ തൃപ്തിപ്പെടുത്താനാഗ്രഹിക്കുകയാണോ? അല്ലാഹു നെഞ്ചൂക്ക്കൊണ്ടല്ല അനുസരണം കൊണ്ടാണ് ഇഷ്ടപ്പെടുന്നത്. യാത്രക്കാരൻ നോമ്പു പിടിക്കരുതെന്ന് അല്ലാഹു പറഞ്ഞാൽ പിടിക്കാതിരിക്കേണ്ടതാണ്. അപ്പോൾ അയാൾ നോമ്പു മുറിച്ചു.'(സീറത്തുൽമഹ്ദീ വാള്യം 1 പേജ് 97 നിവേദനം 117).

ഇപ്രകാരംതന്നെ ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് കപൂർഥലവി എഴുതുന്നു: ഒരിക്കൽ ഞാനും മുൻശീ അരോഡേഖാൻ സാഹിബും ഹദ്റത്ത് ഖാൻസാഹിബ് മുഹമ്മദ് ഖാൻ സാഹിബും ലുധിയാനയിൽ ഹദ്റത്ത് സാഹിബിന്റെ സന്നിധിയിൽ ഹാജരായി. റമളാൻ മാസമായിരുന്നു. ഞാൻ നോമ്പു നോറ്റിട്ടുണ്ടായിരുന്നു. എന്റെ കൂടെയുള്ളവർ നോമ്പ് പിടിച്ചിരുന്നില്ല. ഞങ്ങൾ ഹദ്റത്തിന്റെ സന്നിധിയിൽ ഹാജരായപ്പോൾ സൂര്യൻ അസ്തമിക്കാൻ അല്പം സമയം ബാക്കി ഉണ്ടായിരുന്നു. (സൂര്യൻ അസ്തമിക്കാൻ പോകുകയായിരുന്നു). സഫ്ർ അഹ്മദ് നോമ്പു നോറ്റിട്ടുണ്ടെന്ന് ഹദ്റത്ത് സാഹിബിനോടു അവർ പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉടനെ ഉള്ളിൽ പോയി. ഒരു ഗ്ലാസ്സ് ശർബ്ബത്തുമായി വന്നു. നോമ്പ് മുറിക്കാൻ അവിടന്ന് പറഞ്ഞു. യാത്രയിൽ നോമ്പ് പിടിക്കാൻ പാടില്ല. ഞാൻ നിർദേശം പാലിച്ചു. ഇതിനുശേഷം കുറച്ചു ദിവസം അവിടെ നിന്ന കാരണത്താൽ നോമ്പ് പിടിക്കാൻ തുടങ്ങി. നോമ്പ് തുറക്കുന്ന നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്വയം മൂന്നു ഗ്ലാസ് ഒരു വലിയ താലായിൽവച്ചുകൊണ്ടുവന്നു. ഞങ്ങൾ നോമ്പ് തുറക്കാൻ തുടങ്ങി. (പിന്നീട് അവർക്ക് അവിടെ താമസിക്കണമായിരുന്നു. അതുകൊണ്ട് അവർ നോമ്പ് നോറ്റു. നോമ്പ് പിടിച്ച ആ ദിനങ്ങൾക്കിടയിൽ ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോമ്പ് തുറക്കുന്ന നേരത്ത് താലായിൽവച്ച് മൂന്നു ഗ്ലാസ്സ് ശർബ്ബത്ത് കൊണ്ടുവന്നു. ഞങ്ങൾ അതുകൊണ്ട് നോമ്പ് തുറക്കാൻ തുടങ്ങി. അപ്പോൾ ഞാൻ പറഞ്ഞു,"ഹുദൂർ! മുൻശീജീയ്ക്ക് അതായത് മുൻശീ അരോഡേഖാൻ സാഹിബിന് ഒരു ഗ്ലാസ്സുകൊണ്ട് എന്താകാനാണ്?(പകൽ മുഴുവൻ നോമ്പായിരുന്നു. ഓരോ ഗ്ലാസ്സ് അങ്ങ് കുടിക്കാൻ കൊണ്ടുവന്നിരിക്കുന്നു. ഇതുകൊണ്ട് അദ്ദേഹത്തിന് എന്താകാനാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചു. ഉടനെ ഉള്ളിലേക്കുപോയി. ഒരു വലിയ മൊന്ത നിറച്ച് ശർബ്ബത്ത് കൊണ്ടുവരികയും മുൻശീജീയെ കുടിപ്പിക്കുകയും ചെയ്തു. താൻ ഹദ്റത്ത് സാഹിബിന്റെ കൈകൊണ്ടാണ് ശർബ്ബത്ത് കുടിക്കുന്നതെന്ന് മനസ്സിലാക്കി അദ്ദേഹം കുടിച്ചുകൊണ്ടിരുന്നു. അത് തീർക്കുകയും ചെയ്തു.(അസ്ഹാബെ അഹ്മദ് വാള്യം 4 പേജ് 224 പുതിയ പതിപ്പ് നിവേദനം ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ്).

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഒരു നിവേദനം എഴുതുന്നു: "മലിക് മൗലാബഖ്ശ് സാഹിബ് പെൺഷണർ, മൗലവി അബ്ദുർറഹ്മാൻ സാഹിബ് മുബശ്ശിർ മുഖേന രേഖാമൂലം വിവരിച്ചു: "ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)റമളാൻ മാസത്തിൽ അമൃതസറിൽ വന്നു. അവിടത്തെ ലക്ചർ മണ്ട്‌വാ ബാബു ഘന്നിയാ ലഅൽ(ഇപ്പോഴത്തെ പേര് വന്ദേമാതൃം പാൽ എന്നാണ്) ലിൽ നടന്നു. യാത്ര കാരണം ഹുദൂറിന് നോമ്പില്ലായിരുന്നു. ലക്ചർ നടന്നുകൊണ്ടിരിക്കുമ്പോൾ മുഫ്തി ഫള്ലുർറഹ്മാൻ സാഹിബ് ചായയുടെ ഗ്ലാസ്സു കൊടുത്തു. ഹുദൂർ അത് ശ്രദ്ധിച്ചില്ല. പിന്നീട് അദ്ദേഹം കുറച്ചുകൂടി മുമ്പോട്ടുകൊണ്ടുവന്നു. അപ്പോഴും ഹുദൂർ പ്രസംഗത്തിൽ മുഴുകി. പിന്നീട് മുഫ്തി സാഹിബ് ഗ്ലാസ് തികച്ചും ഹുദൂറിന്റെ അടുത്ത് വെച്ചു. ഹുദൂർ അതെടുത്ത് ചായ കുടിച്ചു. അപ്പോൾ ഇതാണ് റമളാൻ ശരീ


## ഹദീഥുന്നബ്‌വി(സ)

ഊസീക്കും ബിൽ ജാർ
നിന്റെ അയൽക്കാരനോടു
നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ വസ്വിയ്യത്ത് ചെയ്യുന്നു.

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

ഫിനെ ആദരിക്കൽ എന്നു പറഞ്ഞ് ആളുകൾ ബഹളം വച്ചു. നോമ്പ് പിടിക്കില്ല. അങ്ങനെ കശപിശ തുടങ്ങി. പ്രസംഗം നിറുത്തി. ഹുദൂർ പിന്നിലേക്ക് പോന്നു. വണ്ടി മറുഭാഗത്തെ വാതിലിന്നടുത്ത് കൊണ്ടുവന്നു. ഹുദൂർ അതിൽ കയറി ഇരുന്നു. ജനങ്ങൾ കല്ലും ഇഷ്ടികയും വലിച്ചെറിയാൻ തുടങ്ങി. ഒരുപാട് ബഹളമുണ്ടായി. വണ്ടിയുടെ ചില്ല് പൊട്ടിത്തകർന്നു. എന്നാൽ, ഹുദൂർ സുഖമായി താമസസ്ഥലത്തെത്തി. ഇദ്ദേഹം പറയുന്നു: ഇന്ന് ജനങ്ങൾ മീർസാജീയെ നബിയാക്കി എന്ന് ഒരു അനഹ്മദി മൗലവി പറഞ്ഞതായി പിന്നീട് കേൾക്കാൻ കഴിഞ്ഞു. ഞാൻ നേരിട്ട് അദ്ദേഹത്തിന്റെ വായിൽനിന്ന് ഇത് കേട്ടില്ല.' പിന്നീട് വിവരിക്കുന്നു:'' ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടൊപ്പം ഞങ്ങൾ വെളിയിലിറങ്ങി. ജനങ്ങൾ കല്ലും ഇഷ്ടികയും വലിച്ചെറിയുകയാണെന്നും ബഹളം നടക്കുകയാണെന്നും കുറച്ചു കഴിഞ്ഞ് പോകാമെന്നും അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഖലീഫ അവ്വൽ പറഞ്ഞു,'' ആരെയാണോ എറിഞ്ഞത് അദ്ദേഹം പൊയ്ക്കഴിഞ്ഞു. ഇനി എന്നെ ആര് എറിയാനാണ്? ആ അവസരത്തിൽ മുഫ്തി ഫള്ലുർറഹ്മാൻ സാഹിബ് ചായ കൊടുത്തതിനെ തുടർന്നാണ് ഇതെല്ലാമുണ്ടായത്.(ഈ ഫസാദുണ്ടായതും ജനങ്ങൾ ബഹളം വെച്ചതും). അതുകൊണ്ട് എന്തിനാണ് താങ്കൾ അങ്ങനെ ചെയ്തതെന്ന് അദ്ദേഹത്തോടു ചോദിച്ചുകൊണ്ടിരുന്നു. താങ്കൾ കാരണമാണ് ഇതെല്ലാമുണ്ടായതെന്നു പറഞ്ഞ് എല്ലാ അഹ്മദികളും അദ്ദേഹത്തിന്റെ പിന്നാലെ കൂടി. നിവേദനം ചെയ്യുന്നയാൾ പറയുന്നു:ഞാനും അദ്ദേഹത്തോടു അങ്ങനെ പറഞ്ഞിരുന്നു. ആ പാപം വല്ലാതെ വിഷമിച്ചു. പറയുന്നു: പരേതനായ മിയാ അബ്ദുൽ ഖാലിഖ് സാഹിബ് അഹ്മദി പിന്നീട് എന്നോടു പറഞ്ഞു, ഈ പ്രശ്നം ഹുദൂറിന്റെ മുന്നിൽ അവതരിപ്പിച്ചപ്പോൾ, മുഫ്തി സാഹിബ് അനാവശ്യമായി ലക്ചർ അലങ്കോലപ്പെടുത്തി എന്നു പറഞ്ഞപ്പോൾ ഹുദൂർ പറഞ്ഞു: മുഫ്തി സാഹിബ് മോശമായ ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. യാത്രയിൽ നോമ്പ് നോക്കരുതെന്നത് അല്ലാഹുവിന്റെ ഒരു കല്പനയാണ്. അല്ലാഹു നമ്മുടെ ഈ പ്രർത്തനംകൊണ്ട് ഈ കല്പന പ്രചരിപ്പിക്കാൻ ഒരു അവസരമുണ്ടാക്കി.'(ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറുപടി. ഈ മറുപടി ഹദ്റത്ത് മുഫ്തി സാഹിബ് കേട്ടപ്പോൾ എഴുതുന്നയാൾ എഴുതുന്നു:)പിന്നീട് മുഫ്തി സാഹിബ് വീണ്ടും സിംഹമായി.'(സീറത്തുൽ മഹ്ദീ വാല്യം 2 ഭാഗം 4 പേജ് 147 രിവായത്ത് നമ്പർ 1202)

അസുഖം വന്നാൽ നോമ്പ് മുറിക്കേണ്ടതാണ്. ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ) പറഞ്ഞു: ഒരിക്കൽ ലുധിയാനയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)റമളാനിലെ നോമ്പ് പി ടിച്ചിരുന്നു. പ്രഷർ കുറഞ്ഞു. കൈയും കാലും തണുക്കാൻ തുടങ്ങി. അപ്പോൾ സൂര്യൻ അസ്തമിക്കുന്ന സമയം വളരെ അടുത്തായിരുന്നു. എന്നാൽ, അവിടന്ന് ക്ഷണത്തിൽ നോമ്പു മുറിച്ചു. അദ്ദേഹം എപ്പോഴും ദൈവപ്രമാണ നിയമത്തിലെ എളുപ്പമായ മാർഗത്തെയായിരുന്നു സ്വീകരിക്കാറുണ്ടായിരുന്നത്. ഹദ്റത്ത് മിയാ ബശീർ അഹ്മദ് സാഹിബ് പറയുന്നു: ഹദീഥിൽ ഹദ്റത്ത് ആയിശ(റ)യിൽനിന്ന് നബി(സ) തിരുമേനിയെ സംബന്ധിച്ചും ഇങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. ആ മഹാത്മാവ് എപ്പോഴും അനുവദനീയമായിട്ടുള്ള രണ്ടു വഴികളിൽ എളുപ്പമായ വഴിയാണ് ഇഷ്ടപ്പെട്ടിരുന്നത്.(സീറത്തുൽ മഹ്ദീ വാല്യം 1 ഭാഗം 3 പേജ് 637 രിവായത്ത് നമ്പർ 697)

ചില കാലങ്ങളിൽ റമളാൻ വരുന്നത് കൃഷിക്കാർക്ക് പണിത്തിരക്കുള്ള നേരങ്ങളിൽ ആയിരിക്കും. ഉദാഹരണത്തിന് കൊയ്ത്തുകാലത്തും മറ്റും. ആ തൊഴിലാളികൾക്ക് അപ്പോൾ നോമ്പുപിടിക്കാൻ സാധിക്കുകയില്ല. അത്തരം തൊഴിലാളികളെ സംബന്ധിച്ച് എന്താണ് നിർദ്ദേശം? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അൽ അഅ്മാലു ബിന്നിയ്യാത്ത് ഇവർ തങ്ങളുടെ അവസ്ഥകൾ മറച്ചുവെക്കുകയാണ്. ഓരോ വ്യക്തിയും ഭക്തിയോടും പരിശുദ്ധിയോടുംകൂടി തങ്ങളുടെ അവസ്ഥയിൽ ചിന്തിക്കുക. ആർക്കെങ്കിലും തൊഴിലെടുത്ത് നോമ്പുപിടിക്കാൻ കഴിയുമെങ്കിൽ പിടിക്കട്ടെ. ഇല്ലെങ്കിൽ രോഗിയുടെ കല്പനയിലാണ് അവർ ഉൾപ്പെടുക. പിന്നീട് പിടിക്കാൻ സന്ദർഭം കിട്ടുമ്പോൾ പിടിച്ചു വീട്ടുക.(പ്രത്യേകിച്ചും ചൂടുകാലത്ത് പകൽ വളരെ ദൈർഘ്യമായിരിക്കും. ആ രാജ്യങ്ങളിൽ കഠിനമായ ചൂടുണ്ടാകും. അവിടത്തെ സംബന്ധിച്ചാണ് ജോലി കാരണത്താൽ പിന്നീട് പിടിക്കാൻ പറഞ്ഞത്. വ അലല്ലദീന യുത്വീഖൂന യെ പറ്റി പറഞ്ഞു, അതിന്റെ അർഥം കഴിവില്ലാത്തവർ എന്നാണ്.' (മൽഫൂദാത്ത് വാല്യം 9 പേജ് 394, 1985 ലണ്ടൻ പതിപ്പ്)

റമളാനിൽ നോമ്പ് പിടിക്കാൻ കഴിവില്ലാത്തവർ ഫിദ്‌യ കൊടുക്കുന്നു. അതിന്റെ കല്പന എന്താണ്? അതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഫിദ്‌യ എന്തിനുവേണ്ടിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന ചിന്ത ഒരിക്കലുണ്ടായി. നോമ്പ് പിടിക്കാൻ പ്രാപ്തി കിട്ടുന്നതിനുവേണ്ടിയാണെന്ന് മനസ്സിലായി, നോമ്പു പിടിക്കാനുള്ള തൗഫീഖ് അതുമുഖേന ലഭിക്കണം. അല്ലാഹുവിന്റെ സത്ത തന്നെയാണ് കഴിവു നല്കുന്നത്. എല്ലാ കാര്യങ്ങളും അല്ലാഹുവിനോടുതന്നെ ചോദിക്കേണ്ടതാണ്. അല്ലാഹു സർവശക്തനാണ്. അവനുദ്ദേശിച്ചാൽ ഒരു ക്ഷയരോഗിക്കുപോലും നോമ്പുപിടിക്കാനുള്ള ശക്തി നല്കാൻ സാധിക്കുന്നതാണ്. ഫിദ്‌യകൊണ്ടുള്ള ഉദ്ദേശ്യം നോമ്പ് പിടിക്കാനുള്ള ശക്തി ലഭിക്കുക എന്നതാണ്. ഇത് അല്ലാഹുവിന്റെ കൃപാകടാക്ഷത്താലാണ് ഉണ്ടാകുന്നത്. എന്റെ അഭിപ്രായത്തിൽ ''ഇലാഹീ! നിന്റെ ഒരു അനുഗൃഹീതമാസമാണിത്. എനിക്കിതിൽ നോമ്പുപിടിക്കാൻ കഴിയുന്നില്ല. അടുത്തവർഷം ജീവിച്ചിരിക്കുമോ എന്നറിയില്ല. അല്ലെങ്കിൽ വിട്ടുപോയ നോമ്പ് പിടിക്കാൻ കഴിയുമോ എന്നും അറിയില്ല' എന്നിങ്ങനെ ദുആ ചെയ്യുന്നത് വളരെ നല്ലതാണ്. അത്തരം ഹൃദയങ്ങൾക്ക് അല്ലാഹു ശക്തി നല്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.'(മൽഫൂദാത്ത് വാല്യം 4 പേജ് 258-259, 1985 ലണ്ടൻ പതിപ്പ്).

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു:''ഫിദ്‌യ കൊടുക്കുന്നതുകൊണ്ട് നോമ്പ് അതിന്റെ സത്തയിൽ വീണുപോകുന്നില്ല. ഈ അനുഗൃഹീതമാസത്തിൽ അവന് അനുവദനീയമായ ശറഇ ഒഴികഴിവിന്റെ അടിസ്ഥാനത്തിൽ മറ്റു മുസ്‌ലീംകളോടൊപ്പം ചേർന്ന് ഈ ആരാധന അനുഷ്ഠിക്കാൻ സാധിച്ചില്ല എന്ന കാര്യത്തിനു മാത്രമുള്ള ഫിദ്‌യയാണിത്. പിന്നീട് ഈ ഒഴികഴിവ് രണ്ടുതരത്തിലുണ്ട്. ഒന്ന് താൽക്കാലികം. ഒന്ന് സ്ഥിരം. ഫിദ്‌യ കഴിവുണ്ടെങ്കിൽ ഈ രണ്ട് അവസ്ഥകളിലും നല്കേണ്ടതാണ്. ഇനി ആരെങ്കിലും ഫിദ്‌യ കൊടുത്താൽതന്നെ വർഷത്തിനുശേഷമോ, രണ്ടു വർഷത്തിനുശേഷമോ മൂന്നു വർഷത്തിനുശേഷമോ എപ്പോൾ ആരോഗ്യം അനുവദിക്കുമോ അപ്പോൾ നോമ്പ് പിടിക്കേണ്ടതാണ്; ആദ്യത്തെ രോഗം താൽക്കാലികമായിരുന്നു, ആരോഗ്യം കിട്ടിയതിനുശേഷം ഇന്ന് പിടിക്കാം നാളെ പിടിക്കാം എന്നു വിചാരിച്ചുകൊണ്ടേയിരിക്കുകയും അവസാനം രോഗം സ്ഥിരമാകുകയും ചെയ്താലൊഴികെ. ആർക്കാണോ ഭക്ഷണം കൊടുക്കാൻ കഴിവുള്ളത് അയാൾ യാത്രക്കാരനും രോഗിയുമാണെങ്കിൽ റമളാനിൽ ഒരു അഗതിയുടെ ഭക്ഷണം ഫിദ്‌യ എന്ന നിലയിൽ നല്കേണ്ടത് നിർബന്ധമാണ്. മറ്റു ദിനങ്ങളിൽ നോമ്പെടുക്കുക. ഇതുതന്നെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മതം. ഹദ്റത്ത് മസീഹ് മൗഊദ്(അ) എപ്പോഴും ഫിദ്‌യയും കൊടുക്കുമായിരുന്നു. അതിനുശേഷം നോമ്പും പിടിക്കുമായിരുന്നു. ഇതുതന്നെ മറ്റുള്ളവർക്കും താക്കീതും ചെയ്യുമായിരുന്നു.'(തഫ്സീർ കബീർ വാല്യം 2 പേജ് 389)

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് നോമ്പുപിടിക്കാൻ കഴിവില്ലാത്തവൻ അതിനുപകരം അഗതികൾക്ക് ഭക്ഷണം നല്കാൻ ആഗ്രഹിച്ചാൽ ആ ഭക്ഷണത്തിന്റെ തുക ഖാദിയാനിലെ യതീം ഫണ്ടിൽ അയക്കുന്നത് അനുവദനീയമാണോ? (അല്ലെങ്കിൽ ജമാഅത്തിന്റെ ഏതെങ്കിലും സാമ്പത്തിക വ്യവസ്ഥിതിയിൽ നല്കാമോ?) എന്ന് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇതെല്ലാം ഒരേയൊരു കാര്യമാണ്. ഒന്നുകിൽ നിങ്ങളുടെ നാട്ടിലെ അഗതികൾക്ക് ഭക്ഷണം നല്കുക. അല്ലെങ്കിൽ യതീം-അഗതിഫണ്ടിലേക്ക് അയക്കുക.' (മൽഫൂദാത്ത് വാല്യം 9 പേജ് 171, 1985 ലണ്ടൻ പതിപ്പ്) നിങ്ങളുടെ ഏതെങ്കിലും പരിചയക്കാരുണ്ടെങ്കിൽ, ആരെയെങ്കിലും നോമ്പുതുറപ്പിക്കാനുദ്ദേശിക്കുന്നെങ്കിൽ അവിടേയും തുറപ്പിക്കാവുന്നതാണ്.'

അറിയാതെ തിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പു മുറിയുകയില്ല. ഒരു കത്തിൽനിന്നുള്ള ചോദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ സമർപ്പിക്കപ്പെട്ടു: ''ഞാൻ റമളാൻ മാസത്തിൽ ഉള്ളിലിരുന്ന് അറിയാതെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. വെളിയിലിറങ്ങി നോക്കിയപ്പോൾ നേരം വെളുത്തു കഴിഞ്ഞിരുന്നു. ആ നോമ്പ് വീണ്ടും ഞാൻ പിടിക്കേണ്ടതുണ്ടോ?'(ഒരുപാട് നേരം ഭക്ഷണം കഴിച്ചിരുന്നു. പ്രഭാതം വെളിവായിരുന്നു). അവിടന്ന് പറഞ്ഞു. അറിയാതെ തിന്നുകയോ കുടിക്കുകയോ ചെയ്താൽ ആ നോമ്പിനു പകരം മറ്റു നോമ്പ് പിടിക്കേണ്ടതില്ല.'(മൽഫൂദാത്ത് വാല്യം 9 പേജ് 186, 1985 ലണ്ടൻ പതിപ്പ്) അറിയാതെ തിന്നുപോയാൽ ഒരു കുറ്റവുമില്ല.

ഏതു പ്രായത്തിലാണ് നോമ്പ് പിടിക്കേണ്ടത്. കുട്ടികളും പ്രായമായവരും ഇതു ചോദിക്കാറുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ശരീഅത്ത് ചെറിയ കുട്ടികൾ നോമ്പെടുക്കുന്നതിനെ വിരോധിച്ചിരിക്കുന്നു എന്ന കാര്യം ഓർക്കേണ്ടതാണ്. പക്ഷേ, പ്രായപൂർത്തിയോടടുക്കുമ്പോൾ അവരെക്കൊണ്ട് കുറച്ചു നോമ്പുപിടിപ്പിച്ച് പരിശീലനം നല്കേണ്ടതുതന്നെയാണ്.' അവിടന്ന് പറയുന്നു: ''ഹദ്റത്ത് മസീഹ് മൗഊദ്(അ) എനിക്ക് നോമ്പു പിടിക്കാൻ അനുവാദം തന്നത് പന്ത്രണ്ടോ പതിമൂന്നോ വയസ്സുള്ളപ്പോൾ ആണെന്നാണ് എന്റെ ഓർമ്മ. പക്ഷേ, ചില വിഡ്ഢികൾ 6ഉം 7ഉം വയസ്സുള്ള കുട്ടികളെക്കൊണ്ട് നോമ്പ് പിടിപ്പിക്കാറുണ്ട്. തങ്ങൾക്ക് അതുമുഖേന പ്രതിഫലം കിട്ടുമെന്നാണ് അവർ മനസ്സിലാക്കുന്നത്. ഇത് പ്രതിഫലം കിട്ടുന്ന പണിയല്ല. പ്രത്യുത ദ്രോഹമാണ്. കാരണം ഈ പ്രായം വളർച്ചയുടേതാണ്. എന്നാൽ, പ്രായപൂർത്തിയോടടുക്കുന്ന ഒരു പ്രായമുണ്ട്. നോമ്പു നിർബന്ധമാകാൻ പോകുന്ന പ്രായം. ആ നേരത്ത് അവരെ നോമ്പുകൾ പരിശീലിപ്പിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുവാദത്തേയും നടപടികളേയും നോക്കുകയാണെങ്കിൽ 12, 13 വയസ്സിനോടടുത്ത് കുറച്ചു പരിശീലനം നല്കേണ്ടതാണ്. ഓരോ വർഷവും കുറച്ചു നോമ്പുപിടിപ്പിക്കേണ്ടതാണ്. അങ്ങനെ 18 വയസ്സ് പ്രായമായാൽ അതാണ് എന്റെ അഭിപ്രായത്തിൽ നോമ്പിന്റെ പക്വമായ പ്രായം. എനിക്ക് ആദ്യവർഷം ഒരു നോമ്പുപിടിക്കാൻ മാത്രമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) അനുവാദം തന്നത്.' (നോമ്പുപിടിക്കാൻ അനുവാദം കൊടുത്തപ്പോൾ 12, 13 വയസ്സിൽ ഒരൊറ്റ നോമ്പാണ് പിടിപ്പിച്ചത്.) ആ പ്രായത്തിൽ വെറും അഭിനിവേശമാണ്. ആ അഭിനിവേശം കാരണത്താൽ കുട്ടികൾ കൂടുതൽ നോമ്പ് പിടിക്കാൻ ആഗ്രഹിക്കുകയാണ്. എന്നാൽ, അതു തടയേണ്ടത് മാതാപിതാക്കളുടെ ജോലിയാണ്. പിന്നീട് ഒരു പ്രായമുണ്ട്. അതിൽ നോമ്പ് പിടിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് കുറച്ച് നോമ്പ് നിർബന്ധമായും പിടിക്കാൻ ധൈര്യം നല്കുക. അവരെക്കൊണ്ട് നോമ്പ് പിടിപ്പിക്കുക. പക്ഷേ, അവർ കൂടുതൽ പിടിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. കാണുന്നവരും എന്തുകൊണ്ട് മുഴുവൻ നോമ്പും പിടിക്കുന്നില്ല എന്നുപറഞ്ഞ് അവരെ ആക്ഷേപിക്കാൻ പാടില്ല. കാരണം കുട്ടി ആ പ്രായത്തിൽ മുഴുവൻ നോമ്പും പിടിക്കുകയാണെങ്കിൽ, ഭാവിയിൽ നോമ്പ് പിടിക്കാൻ സാധിക്കുകയില്ല. ഇപ്രകാരംതന്നെ ചില കുട്ടികൾ ജന്മനാതന്നെ ദുർബലരായിരിക്കും. ഞാൻ കണ്ടിട്ടുണ്ട്. ചിലയാളുകൾ തങ്ങളുടെ കുട്ടികളെ കൂടിക്കാഴ്ചയ്ക്കായി എന്റെയടുത്ത് കൊണ്ടുവരാറുണ്ട്. അവന് 15 വയസ്സാണെന്ന് പരിചയപ്പെടുത്തും. കാഴ്ചയിൽ ഏഴ്, എട്ട് വയസ്സേ തോന്നിക്കൂ. ഞാൻ മനസ്സിലാക്കുന്നത് അത്തരം കുട്ടികൾക്ക് നോമ്പു പിടിക്കണമെങ്കിൽ കുറഞ്ഞത് 21 വയസ്സെങ്കിലും ആകേണ്ടതുണ്ട്. ഇതിനെതിരിൽ ആരോഗ്യവാനായ ഒരു കുട്ടി ഏകദേശം 15 വയസ്സിൽ, 18 വയസ്സ് പ്രായം തോന്നിക്കും. അവൻ ഞാൻ പറഞ്ഞ 18 വയസ്സുപ്രായം കാത്തുകൊണ്ടിരുന്നാൽ എന്നിലോ അല്ലാഹുവിലോ അല്ല ദ്രോഹം ചെയ്യുന്നത്, സ്വന്തം ജീവനിലാണ് ദ്രോഹം ചെയ്യുന്നത്. ഇപ്രകാരം ചെറിയ പ്രായമുള്ള ഒരു കുട്ടി നോമ്പു മുഴുവൻ പിടിക്കാത്തതുകൊണ്ട് അവനെ ആക്ഷേപിക്കുകയാണെങ്കിൽ, ആക്ഷേപിക്കുന്നവൻ സ്വന്തം ജീവനിലാണ് ദ്രോഹം ചെയ്യുന്നത്.'(തഫ്സീറെ കബീർ വാല്യം 2 പേജ് 385)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്തമകൾ ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ പറയുന്നു: പ്രായമാകുന്നതിനുമുമ്പേ ചെറുപ്രായത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പുപിടിപ്പിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. ഒന്നോ മറ്റോ പിടിച്ചാൽ അതുമതി. ഹദ്റത്ത് അമ്മാജാൻ എന്നെക്കൊണ്ട് ആദ്യനോമ്പ് പിടിപ്പിച്ചു. നോമ്പു തുറക്കാൻ വലിയ ക്ഷണം നടത്തി. അതായത് ജമാഅത്തിലെ സ്ത്രീകളെയെല്ലാം ക്ഷണിച്ചു. ഈ റമളാനുശേഷം രണ്ടാമത്തേയോ മൂന്നാമത്തേയോ റമളാനിലാണ് ഞാൻ നോമ്പ് പിടിച്ചത്. ഇന്ന് ഞാൻ വീണ്ടും നോമ്പു പിടിച്ചിരിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു. അവിടന്ന് മുറിയിൽ ഇരിക്കുകയായിരുന്നു. അടുത്ത് സ്റ്റൂളിൽ രണ്ട് വെറ്റില വെച്ചിട്ടുണ്ടായിരുന്നു. അമ്മാജാൻ വെച്ചതാണെന്നാണ് തോന്നുന്നത്. അവിടന്ന് ഒരു വെറ്റില എനിക്കുതന്നു. ഈ വെറ്റില തിന്നുകൊള്ളാൻ പറഞ്ഞു. നീ ക്ഷീണിതയാണ്. ഇപ്പോൾ നോമ്പു പിടിക്കാൻ പാടില്ല. നോമ്പ് മുറിക്കുക. ഞാൻ വെറ്റില എന്തായാലും തിന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു, സ്വാലിഹ (അതായത് പരേതയായ മുമാനീജാൻ സാഹിബ, ചെറിയ മാമായുടെ ഭാര്യ)യും നോമ്പ് പിടിച്ചിട്ടുണ്ട്. അവർക്കും അന്ന് ചെറിയ പ്രായമായിരുന്നു. അവരെക്കൊണ്ടും നോമ്പ് മുറിപ്പിച്ചു. പറഞ്ഞു, അവളേയും വിളിക്കുക. ഞാൻ വിളിച്ചു. അവർ വന്നപ്പോൾ രണ്ടാമത്തെ വെറ്റില എടുത്ത് അവർക്കും കൊടുത്തു. പറഞ്ഞു, വാങ്ങുക, ഇതു തിന്നുക. നിങ്ങൾക്ക് നോമ്പി ല്ല. പറയുന്നു, എനിക്ക് അന്ന് 10 വയസ്സാണെന്നാണ് തോന്നുന്നത്.'(തഹ്‌രീറാത്തെ മുബാറക്ക, ഫിഖ്ഹുൽമസീഹ് പേജ് 214 ബാബ് റോസ ഔർ റമളാൻ)

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly BADAR Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 07 JUly 2016 Issue-17

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ ഡെന്മാർക്കു പര്യടനം-2016 മെയ്

**05-05-2016(വ്യാഴം)**

(തുടർച്ച.......)അതിനുശേഷം അമീറുൽമുഅ്മിനീൻ സെക്രട്ടറി തബ്ലീഗിനോടു പറഞ്ഞു: ഇവിടെ അറബികളുണ്ട്. സിറിയക്കാരുമുണ്ട്. പഴയ ആളുകളുമുണ്ട്.യുറോപ്പിൽനിന്ന് വന്നിട്ടുള്ള സിറിയക്കാരുമുണ്ട്. തദ്ദേശീയരായ ഡാനിഷുകാരുമുണ്ട്. ആ എല്ലാ ആളുകൾക്കുവേണ്ടിയും പരിപാടികൾ ഉണ്ടാക്കുക; എങ്ങനെയാണ് അവരെ തബ്ലീഗ് ചെയ്യാൻ കഴിയുക? എങ്ങനെയാണ് അവരുമായുള്ള ബന്ധങ്ങൾ വർധിപ്പിക്കാൻ കഴിയുക? അവർക്കെങ്ങനെ സന്ദേശമെത്തിക്കാൻ കഴിയും?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ലജ്നയുടെ ഭരണഘടനയിൽ പറഞ്ഞിട്ടില്ലാത്തതായ ഏതെങ്കിലും വകുപ്പോ ജോലിയോ ഉണ്ടെങ്കിൽ സ്വദ്റിന്റെ സഹായിയായി നിയമിച്ച് അവരെ ആ ജോലി ഏല്പിക്കുക.

അമീറുൽ മുഅ്മിനീൻ സ്റ്റുഡൻസ് അസോസിയേഷനെക്കുറിച്ചും അന്വേഷിക്കുകയും നിർദേശം നല്കുകയുമുണ്ടായി. വിദ്യാസമ്പന്നരായ വിദ്യാർഥിനികളെ സംഘടിപ്പിക്കുക. ജോലി ചെയ്യുന്നതിന് വിവിധരീതികൾ സ്വായത്തമാക്കുക. സ്വയം വിവിധ മാർഗങ്ങൾ പര്യവേഷണം നടത്തുക. അവരെ ജമാഅത്തുമായി ബന്ധപ്പെടുത്തുക.

സെക്രട്ടറി തബ്ലീഗ് ലജ്നയുടെ മേൽനോട്ടത്തിൽ ഓപൺ ഹൗസിനെ കുറിച്ച് പറഞ്ഞു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: താങ്കൾക്ക് ഗൈഡ്ലൈനായി ജിഹാദിനെക്കുറിച്ച് എന്റെ ധാരാളം വിഷയങ്ങൾ കിട്ടുന്നതാണ്. ഇപ്പോൾ ഈ അടുത്ത് യു.കെ.യിലെ പീസ് കോൺഫ്രൻസിൽ ഞാൻ പ്രസംഗിച്ചിരുന്നു. കറന്റ് ഇഷ്യു നിങ്ങൾക്ക് അതിൽനിന്ന് ലഭിക്കുന്നതാണ്. ഞാൻ അതിൽ ധാരാളം പ്രൊഫസർമാരുടേയും റൈറ്റേഴ്സ് തുടങ്ങിയവരുടേയും റഫ്രൻസ് കോട്ടുചെയ്തിട്ടുണ്ട്.

സെക്രട്ടറി തഅ്ലീമിനോടു അമീറുൽ മുഅ്മിനീൻ അന്വേഷിച്ചു: പാഠ്യപദ്ധതിയനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? 239 ലജ്നകളിൽനിന്ന് 116,117 പേർക്ക് പാഠ്യപദ്ധതി എത്തിച്ചിട്ടുണ്ടെങ്കിൽ അത് വലിയ വിജയമാണ്. എല്ലാ ലജ്നകൾക്കും ഈമെയിൽ മുഖേന താൻ പാഠ്യപദ്ധതി അയച്ചുവെന്ന് സെക്രട്ടറി തഅ്ലീം പറഞ്ഞു. അമീറുൽ മുഅ്മിനീൻ പറഞ്ഞു: അത് പഠിച്ചിട്ടുണ്ടോ എന്നുള്ള ഫീഡ്ബാക് നിങ്ങൾ അറിയേണ്ടതാണ്. എല്ലാവരിലും നിന്ന് നിങ്ങൾ റിപ്പോർട്ട് വാങ്ങേണ്ടതാണ്. അയച്ചാൽ മാത്രംപോര. ലജ്ന അംഗങ്ങളുമായി നിങ്ങൾക്ക് വ്യക്തിപരമായ ബന്ധം ഉണ്ടാകാത്തിടത്തോളം ഇത് തങ്ങളുടെ ഭാരവാഹിയാണ്, തങ്ങളുടെ ഉത്തരവാദപ്പെട്ട ആളാണ് എന്ന് അവർക്ക് മനസിലാകുകയില്ല. നിങ്ങൾ എല്ലാവരുടേയും സഹതാപിയാണെന്ന ബോധമുണ്ടായാൽ പിന്നീട് ബന്ധം തനിയെ വർധിക്കുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പെൺകുട്ടികൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ കുറിച്ച് പറഞ്ഞുകൊടുക്കുക എന്നത് തഅ്ലീം തർബിയ്യത്ത് വകുപ്പിന്റെ ജോലിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മസീഹും മഹ്ദിയും ആകുന്നതിനോടൊപ്പം നുബുവ്വത്തിന്റെ വാദവുമുണ്ടെന്ന് പറഞ്ഞുകൊടുക്കണം. ആർക്കാണോ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നത് അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഏതു തരത്തിലുള്ള നുബുവ്വത്തിന്റെ വാദമാണുള്ളതെന്ന് പറഞ്ഞുകൊടുക്കുക.

മീറ്റിംഗിന്റെ അവസാനം സ്വദ്ർ ലജ്ന മസ്ജിദിൽ ലജ്നക്കുള്ള സ്ഥലക്കുറവിനെ കുറിച്ച് അമീറുൽ മുഅ്മിനോടു പറഞ്ഞു. അമീറുൽ മുഅ്മിനീൻപറഞ്ഞു, നിങ്ങൾ എഴുതിത്തരിക. പറഞ്ഞു, സ്വദ്ർ ലജ്ന എനിക്ക് നേരിട്ട് റിപ്പോർട്ട് അയക്കുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു, ഉപസംഘടനകൾ രൂപീകരിച്ചിട്ടുള്ളത് ജമാഅത്തിന്റെ വീലുകൾ ചലനാത്മകമാക്കാനാണ്. അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കാനാണ്. നാലു വീലുകളും പ്രവർത്തിച്ചുകൊണ്ടിരുന്നാൽ പുരോഗതി ഉണ്ടായിക്കൊണ്ടേയിരിക്കും. നാലു വകുപ്പുകളും ജമാഅത്തിന്റെ നിളാമിനോടൊപ്പം, ലജ്നയും അൻസ്വാറും, ഖുദ്ദാമും ചലനാത്മകമായാൽ പുരോഗതി വളരെ ഉയരുന്നതാണ്.

നാഷണൽ മജ്ലിസ് ലജ്ന ഇമായില്ലായുമായിട്ടുള്ള അമീറുൽ മുഅ്മിനീന്റെ ഈ മീറ്റിംഗ് 7.30 വരെ നീണ്ടുനിന്നു.(തുടരും))

**ഹദീഥുന്നബ്വി(സ)**

അൽഅഅ്മാലു ബിൽ ഖവാതീം
കർമങ്ങളുടെ അടിസ്ഥാനം
അത് പൂർത്തിയാവുന്നതിലാണ്

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

**ഹദീഥുന്നബ്വി(സ)**

അക്രിമൂ ഔലാദക്കും
നിന്റെ സന്താനങ്ങളെ
ബഹുമാനിക്കുക

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

**ഹദീഥുന്നബ്വി(സ)**

ബജ്ജിലുൽ മശാഇഖ്
പ്രായമുള്ളവരെ ബഹുമാനിക്കുക

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

**ഹദീഥുന്നബ്വി(സ)**

അൽഅമാനത്തു ഇസ്സ്
വിശ്വസ്തത അന്തസാണ്

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ മാത്തോട്ടം**

ഇപ്രകാരംതന്നെ തറാവീഹിനെ സംബന്ധിച്ച് ചില ചോദ്യങ്ങളുണ്ട്. തറാവീഹിനെക്കുറിച്ച് അക്മൽ സാഹിബ് ഓഫ് ഗോലേഗി ഹദ്റത്ത് മസീഹ് മൗഊദിനോടു എഴുതി ചോദിച്ചു. റമളാൻ ശരീഫിൽ രാത്രി എഴുന്നേല്ക്കുന്നതിനും നമസ്കരിക്കുന്നതിനും താക്കീത് ചെയ്തിരിക്കുന്നു. പക്ഷേ, പൊതുവെ കഠിനാധ്വാനം ചെയ്യുന്ന തൊഴിലാളികൾ അത്തരം കർമങ്ങൾ ചെയ്യുന്നതിൽ അലസത കാണിക്കുന്നു. അതിനാൽ രാത്രിയുടെ ആദ്യത്തിൽ അവർക്ക് 11 റക്അത്ത് തറാവീഹ് നമസ്കരിക്കുന്നതിനു പകരം അവസാന യാമത്തിൽ നമസ്കരിപ്പിക്കുന്നത് അനുവദനീയമാകുമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:"ഒരു കുറ്റവുമില്ല. നമസ്കരിക്കുക.' (മൽഫൂദാത്ത് വാള്യം 9 പേജ് 65, 1985 ലണ്ടൻ പതിപ്പ്)

തറാവീഹിനെ സംബന്ധിച്ച് ചോദിച്ചു. ഇതു തഹജ്ജുദാകുമ്പോൾ 20 റക്അത്ത് നമസ്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശം? കാരണം തഹജ്ജുദ് വിത്റോടുകൂടി 11 അല്ലെങ്കിൽ 13 റക്അത്താണല്ലോ. പറഞ്ഞു: "നബി(സ) തിരുമേനിയുടെ പതിവായിട്ടുള്ള സുന്നത്ത് ആ എട്ട് റക്അത്ത് തന്നെയാണ്. അവിടന്ന് തഹജ്ജുദിന്റെ നേരത്തുതന്നെയാണ് അത് അനുഷ്ഠിച്ചിരുന്നത്. ഇതാണ് ഏറ്റവും ശ്രേഷ്ഠമായത്. എന്നാൽ, ആദ്യരാത്രിയിലും നമസ്കരിക്കുന്നത് അനുവദനീയമാണ്. (ഉചിതമായിട്ടുള്ളത് തഹജ്ജുദിന്റെ നേരത്ത് എഴുന്നേറ്റ് എട്ട് റക്അത്ത് നമസ്കരിക്കുന്നതാണ്. ഇനി രാത്രിയുടെ ആദ്യം നമസ്കരിക്കുകയാണെങ്കിൽ അതും അനുവദനീയമാണ്.) നബി(സ)തിരുമേനി രാത്രിയുടെ ആദ്യ ഭാഗത്ത് നമസ്കരിച്ചു എന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. 20 റക്അത്ത് പിന്നീട് നമസ്കരിക്കപ്പെട്ടതാണ്. എന്നാൽ, നബി(സ)യുടെ സുന്നത്ത് ആദ്യം വിവരിക്കപ്പെട്ടതാണ്. ഈ ഇരുപത് റക്അത്തിന്റെ അല്ലെങ്കിൽ കൂടുതൽ റക്അത്തിന്റെ കാര്യങ്ങൾ പിന്നീട് വന്നിട്ടുള്ളതാണ്. നബി(സ) തിരുമേനിയുടെ സുന്നത്ത് എട്ട് റക്അത്ത് തഹജ്ജുദാണ്.'(മൽഫൂദാത്ത് വാള്യം 10 പേജ് 113, 1985 ലണ്ടൻ പതിപ്പ്)

ഒരു സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് കത്തെഴുതി. അതിന്റെ ചുരുക്കം ഇതായിരുന്നു. യാത്രയിൽ എങ്ങനെയാണ് നമസ്കരിക്കേണ്ടത്? തറാവീഹിനെ സംബന്ധിച്ച് എന്താണ് കല്പന? പറഞ്ഞു, യാത്രയിൽ ഈരണ്ട് സുന്നത്താണ്. തറാവീഹും സുന്നത്താണ്. നമസ്കരിക്കുക. ഇടയ്ക്ക് വീട്ടിലും തനിച്ചു നമസ്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദാണ്. പുതിയ നമസ്കാരമല്ല. വിത്ർ എങ്ങനെയാണോ നമസ്കരിച്ചുകൊണ്ടിരിക്കുന്നത് അതുപോലെ നമസ്കരിക്കുക.'(മൽഫൂദാത്ത് വാള്യം 10 പേജ് 22, 1985 ലണ്ടൻ പതിപ്പ്)

റമളാൻ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണ് ഞാൻ വിവരിച്ചത്. അല്ലാഹു നമുക്ക് തഖ്വയിൽ നിലനിന്നുകൊണ്ട്, അല്ലാഹുവിന്റെ തൃപ്തിയെ മുന്തിച്ചുകൊണ്ട് റമളാനിലെ നോമ്പിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

## സൗജന്യ പുസ്തക വിതരണവും മെഡിക്കൽ ക്യാമ്പും

**കണ്ണൂർ:** കടലായി മജ്ലിസ് അൻസ്വാറുല്ലായുടെ നേതൃത്വത്തിൽ കടലായി യു.പി.സ്കൂളിൽ നിർധനരായ കുട്ടികൾക്കുള്ള പുസ്തകവിതരണം മുൻ എടക്കാട് പഞ്ചായത്ത് പ്രസിഡന്റ് കെ.വി. രവീന്ദ്രൻ നിർവഹിച്ചു. മൗലവി.കെ.സിദ്ദീഖ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ അഹ്മദിയ്യാ ജമാഅത്ത് കണ്ണൂർ ജില്ല അമീർ കെ.അബ്ദുൽ അസീസ് സാഹിബ്, കടലായി ജമാഅത്ത് പ്രസിഡന്റ് സി.എച്ച്. അഹ്മദ് റശീദ് സാഹിബ്, അൻസ്വാറുല്ലാഹ് സഈം എം.പി. ഉസ്മാൻ സാഹിബ് എന്നിവർ പ്രസംഗിച്ചു.

പ്രസ്തുത പരിപാടിയോടനുബന്ധിച്ച് മാസന്തോറും നടത്താറുള്ള സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പിന് ഡോക്ടർ സിദ്ദീഖ് അശ്റഫ് അലി സാഹിബും ഡോക്ടർ രേശ്മ നിസാമും നേതൃത്വം നല്കി. കൂടാതെ കണ്ണൂർ മലബാർ ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധനയ്ക്ക് ഡോക്ടർ ധനഞ്ജയ് കുമാർ നേതൃത്വം നല്കി.

ഉൽഘാടകൻ തന്റെ പ്രഭാഷണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ കാരുണ്യ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയുണ്ടായി.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin